PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

FIRST SESSION—1953.

Friday, the 27th February 1953.

Vol. VIII. *OFFICIAL REPORT* *No. 3.*

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Friday, the 27th February 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

മരാമത്തു വേലകൾ.

* ൪൧. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ട്രാൻസ്പോർട്ടും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൮-൨൯ വർഷത്തിൽ ഓരോ സബ്ഡിവിഷനിലും ചെയ്യേണ്ട പുതിയ പൊതുമരാമത്തുപണികൾക്കു് അനുവദിച്ചിട്ടുള്ള തുക എന്തു്;

(ബി) ഏതു അടിസ്ഥാനത്തിലാണു് ഈ തുക ക്ലിപ്തപ്പെടുത്തിയിട്ടുള്ളതു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) (ബി) ഫൈനൽ ബഡ്ജററ് പാസ്സാകാതെ ഈ ചോദ്യത്തിനുത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ഗംഗാധരൻ: ഈ കഴിഞ്ഞ കൊല്ലത്തിൽ സബ്ബ് ഡിവിഷൻ വർക്ക്സ് കമ്മിററികൾക്ക ഓരോ സബ്ബ് ഡിവിഷനിലും നിന്നു അരപതിനായിരം രൂപവരെ മാത്രം ചിലവാകുന്ന ജോലികൾമാത്രമേ ഉൾപ്പെടുത്താവൂ എന്നു നിർദ്ദേശം കൊടുത്തിട്ടുള്ളതായി ഗവൺമെൻറിനു അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം. അടുത്തവർഷത്തെ ബഡ്ജററ പാസ്സാക്കിയതിനുശേഷം മാത്രമേ ഓരോ സബ് ഡിവിഷനിലും പുതിയതായി ചെയ്യാൻ കഴിയുന്ന ജോലി ഇന്നതെല്ലാമെന്നു ക്ലിപ്തമായി അറിയാൻ കഴിയുകയുള്ളു. ആ ജോലികൾ ഉദ്ദേശം അരപതിനായിരം രൂപ വരെ ആകാം എന്നൊരു നിർദ്ദേശം കൊടുത്തിരുന്നു എന്നുമറിയാം. ക്ലിപ്തമായി പറയുന്നതിനു ബഡ്ജററ പാസ്സായതിനുശേഷമല്ലാതെ നിവൃത്തിയില്ല.

ശ്രീ. ആർ. ഗംഗാധരൻ: ഓരോ സബ് ഡിവിഷനിലും കഴിഞ്ഞ കൊല്ലം എത്ര രൂപ ചെലവുചെയ്യാൻ കഴിഞ്ഞു എന്നുള്ളതും അടുത്ത ആണ്ടിൽ എത്ര രൂപ ചെലവുചെയ്യേണ്ടിവരുമെന്നും ഇതുവരെ തീരുമാനിച്ചുകഴിഞ്ഞിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതല്ല ഞാൻ പറഞ്ഞതു്. അടുത്ത വർഷത്തിൽ പുതിയതായി എത്ര ജോലിചെയ്തു തീർക്കാം, അതിലേക്കു് എന്തു തുക ചെലവാക്കാം എന്നുള്ളതിനെക്കുറിച്ചാണു് ഞാൻ പറഞ്ഞതു്. അതു ബഡ്ജററ പാസ്സായതിനുശേഷമേ ക്ലിപ്തമായി പറയാൻ നിവൃത്തിയുള്ളു എന്നാണു്.

ശ്രീ. ആർ. ഗംഗാധരൻ: എല്ലാ സബ് ഡിവിഷനിലേയും ചെയ്തു തീർക്കേണ്ട ജോലികൾ ഒരേതരത്തിലുള്ളവയാണെന്നാണോ ഗവൺമെൻറു് വിചാരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങിനെ ഗവൺമെൻറ് വിചാരിക്കുന്നില്ല. അതു ഓരോ സബ് ഡിവിഷനിലേയും ആവശ്യമനുസരിച്ചാണിരിക്കുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ: എല്ലാ സബ്ഡിവിഷനിലും ഈ അരപതിനായിരം രൂപയ്ക്കുള്ള ജോലികൾ മാത്രമേ അടുത്തയാണ്ടത്തേയ്ക്കു കൊള്ളിക്കാവൂ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉദ്ദേശം ൫൦,൦൦൦ രൂപ വരെ ചെലവാകുന്ന ജോലികൾമാത്രം എല്ലാ സബ് ഡിവിഷനിൽനിന്നും ആവശ്യപ്പെടാം എന്നാണു നിർദ്ദേശംകൊടുത്തിരുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ: ഈ അരപതിനായിരം രൂപവരെ എന്നു നിർദ്ദേശിച്ചിരിക്കുന്നതു് അതാതു സബ്ഡിവിഷനിലെ ജനസംഖ്യ അനുസരിച്ചോ വിസ്തീർണ്ണമോ അടിസ്ഥാനപ്പെടുത്തിയോ എങ്ങിനെയാണു്?

Mr. Speaker: That is a different question altogether. It does not rise out of this question.

ശ്രീ. എ. താണുപിള്ള: ഈ അറുപതിനായിരം രൂപ എന്നു പറഞ്ഞിരിക്കുന്നതു് ഈ പ്രദേശത്തെ പുതിയ ജോലികൾക്കായി ചെലവാക്കാനുള്ള തുകയാണോ? അതോ ആകെ ചെയ്യുതീർക്കേണ്ടതായ പണികളുടെ ചിലവിന്റെ അംശംകൂടി അതിൽ ഉൾപ്പെടുമോ? ഞാൻ ഒന്നുകൂടി വിശദമായി പറയാം. രണ്ടു ലക്ഷംരൂപ ചെലവാക്കേണ്ടതായ ഒരു പുതിയ ജോലിയുടെ അംശമായ പതിനായിരംരൂപകൂടി അടുത്ത ആണ്ടേയ്ക്കുള്ള ജോലികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുമോ? അങ്ങിനെ വരുന്നപക്ഷം ഗവണ്മെന്റിന്റെ ഈ നിർദ്ദേശത്തിനു അതു വിപരീതമാകുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു ഗവണ്മെന്റു നിർദ്ദേശത്തിനു വിപരീതമാകയില്ല.

ശ്രീ. എ. താണുപിള്ള: അപ്പോൾ മൊത്തത്തിൽ ഈ അംശങ്ങൾ കൂടിചേർത്തു് അറുപതിനായിരം രൂപയ്ക്കകത്തുനിൽക്കണമെന്നേയുള്ളോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അത്രേയുള്ളു.

ശ്രീ. എ. താണുപിള്ള: ഇത്ര തുകവീതം ഓരോ ജോലികൾക്കും ചെലവാക്കണമെന്നു ആരാണു നിർദ്ദേശിക്കുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിലേയ്ക്കു് കമ്മിറ്റികൾ ഏർപ്പെടുത്തിയിട്ടുണ്ടു്. അവർ വളരെ ഉത്തരവാദിത്വത്തോടുകൂടി മാത്രമേ നിർദ്ദേശങ്ങൾ അയയ്ക്കുകയുള്ളു.

ശ്രീ. എ. താണുപിള്ള: ആകെ ചെലവാകുന്ന തുകയുടെ ഇത്ര ശതമാനം അടുത്തയാണ്ടത്തെ ചെലവിൽ കൊള്ളിക്കണമെന്നു വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഓരോ സബ്ഡിവിഷനുകളിലും അവിടത്തെ പരിതഃസ്ഥിതികൾ മനസ്സിലാക്കാതെ ഇങ്ങനെ അറുപതിനായിരം രൂപ എന്നു ക്ലിപ്തമായി നിർദ്ദേശംകൊടുത്തിരിക്കുന്നതു ശരിയായിരിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതുകൊണ്ടുതന്നെയാണു് ഉദ്ദേശം അറുപതിനായിരം രൂപവരെ എന്നു നിർദ്ദേശിച്ചിരിക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: പുതിയ പണികൾക്കായി അറുപതിനായിരം രൂപ എന്നു പറഞ്ഞിട്ടുള്ളതിൽ പഴയറോഡുകൾ നന്നാക്കുന്നതുകൂടി ഉൾപ്പെടുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പഴയ റോഡുകളിൽ പുതിയ പുതിയ മെററൽഇടുന്നതിനും ഉപയോഗിക്കാം.

ഭവനനിർമ്മാണപദ്ധതി.

* ൪൨. [൨] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണപദ്ധതികളെ സംബന്ധിച്ച് കേന്ദ്രഗവണ്മെന്റിൽനിന്നും എന്തെങ്കിലും വിവരങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ്;

(സി) എന്നാണ് കിട്ടിയത്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി: (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഭവനനിർമ്മാണപദ്ധതി സംബന്ധിച്ച് കേന്ദ്രഗവണ്മെന്റിൽനിന്നും ചില വിവരങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി) ആ വിവരങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം. വ്യവസായതൊഴിലാളികൾക്കുവേണ്ടി സംസ്ഥാനഗവണ്മെന്റുകൾക്കോ സഹകരണസംഘങ്ങൾക്കോ തൊഴിൽ ഉടമകൾക്കോ ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളാണ് കിട്ടീട്ടുള്ളത്. ഈ പദ്ധതിയുടെ പ്രധാന വിവരങ്ങൾ താഴെ പറയുന്നവയാണ്.

൧. ഗവണ്മെന്റിൽനിന്നും പണിയുന്ന ഭവനങ്ങൾക്കു വേണ്ടി വരുന്ന ചെലവിൽ പകുതി സൗജന്യമായിട്ടും അതായത് സബ്സിഡിയായും പകുതി വായ്പയായും കേന്ദ്രഗവണ്മെന്റ് നൽകുന്നതാണ്.

൨. പരസ്പരസഹായസംഘങ്ങളും തൊഴിൽ മാനേജ്മെന്റും മററു ഏജൻസികളും പണികഴിപ്പിക്കുന്ന വീടുകൾക്ക് ൨൦ ശതമാനം സൗജന്യമായും മുപ്പത്തിഏഴരശതമാനം വായ്പയായും കേന്ദ്രഗവണ്മെന്റ് നൽകുന്നതാണ്.

൩. വായ്പകൾക്ക് നാലരശതമാനം പലിശ ഗവണ്മെന്റിനു കൊടുക്കണം. ഗവണ്മെന്റിനു കൊടുക്കുന്ന വായ്പകൾ ൨൫ കൊല്ലത്തിനകവും മററുള്ളവർക്കു കൊടുത്ത വായ്പകൾ പതിനഞ്ചുകൊല്ലത്തിനകവും മടക്കികൊടുക്കേണ്ടതാണ്.

൪. കെട്ടിടത്തിന്റെ മാതൃകയും അവർ നിർദ്ദേശിച്ചിട്ടുണ്ട്. സാധാരണകെട്ടിടങ്ങൾക്ക് ൧൨൦ ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കിടപ്പുമുറി, മറെറാരു മുറി, ഒരു അടുക്കള, കുളിമുറി മുതലായവയും ഇതുകൂടാതെ പലനിലകളുള്ള കെട്ടിടങ്ങളുമാകാമെന്നു പറയുന്നുണ്ട്. അവയിൽ ഓരോ കിടപ്പുമുറികളും അടുക്കളയും ഉണ്ടായിരിക്കണം.

൫. സാധാരണകെട്ടിടത്തിനു രണ്ടായിരത്തിഎഴുനൂറു് രൂപയും മററുകെട്ടിടങ്ങൾക്കു ഭൂമിയുടെ വിലയുൾപ്പെടെ നാലായിരം രൂപയെന്നും കണക്കാക്കിയാണ് കേന്ദ്രഗവണ്മെന്റ് ധനസഹായം ചെയ്യുന്നത്.

൬. ഈ കെട്ടിടങ്ങൾക്ക് വാടക നിശ്ചയിച്ചിരിക്കുന്നതു പതിനാലുരൂപയും പത്തുരൂപയും പ്രതിമാസം എന്നാണ്.

(സി) ൧൯൫൮ സെപ്തംബർ മാസത്തിലാണ് ഇതു കിട്ടിയിട്ടുള്ളതു്.

ശ്രീ. ആർ. ഗംഗാധരൻ: ഈ ഭവനനിർമ്മാണപദ്ധതി സംബന്ധിച്ചു് ഇൻഡ്യാ ഗവണ്മെൻറിൽനിന്നും ഇതിനകം എത്ര വീടുകൾ നിർമ്മിക്കുന്നതിനു് നിർദ്ദേശം ലഭിച്ചിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ വ്യവസ്ഥകൾ അനുസരിച്ചു് എണ്ണൂറ വീടുകൾ ഉണ്ടാക്കുന്നതിനു നിർദ്ദേശം ലഭിച്ചു. അതിൽ ഫ്ളാററുകൾ കൂടി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ കേന്ദ്രത്തിൽനിന്നും നിശ്ചയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ മാതൃകയ്ക്കു് നമ്മുടെ സംസ്ഥാനത്തിലെ പരിതസ്ഥിതികൾ പരിഗണിച്ചുനോക്കിയതിൽ ചില വ്യത്യാസങ്ങൾ വേണമെന്നു കണ്ടതിനാൽ അതേപ്പററി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കയാണു്.

ശ്രീ. ആർ. ഗംഗാധരൻ: ഇൻഡ്യാ ഗവണ്മെൻറിൽനിന്നും നിർദ്ദേശങ്ങൾ ലഭിക്കുമ്പോഴേക്കും അനുവദിച്ചിട്ടുള്ള തുകകൾ ഈ ബഡ്ജററ വർഷത്തിൽ ലാപ്സായി പോവുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പോവുകയില്ല.

ശ്രീ. ആർ. കേശവപിള്ള: ഈ വാടക കേന്ദ്രഗവണ്മെൻറിനാണോ സംസ്ഥാനഗവണ്മെൻറിനാണോ ലഭിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഗവണ്മെൻറിനാണ്

ശ്രീ. സി. അച്ചുതമേനോൻ: തൊഴിലുടമകൾ ഈ ഭവനനിർമ്മാണപദ്ധതിയിൽ ഉൾപ്പെടാതെ ഗവണ്മെൻറിൽനിന്നുംതന്നെയാണോ ഇപ്പോൾ ഭവനങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൊഴിൽ മാനേജുമെൻറുകളും ഇതിൽ ഉൾപ്പെടുന്നതാണു്. എന്നാൽ ഇപ്പോൾ ആ സ്കീം മാററി ഗവണ്മെൻറിൽനിന്നും ഭവനങ്ങൾ നിർമ്മിച്ചു് ഇൻഡസ്ട്രീയൽ ലേബറേഴ്സിനു് കൊടുക്കുന്ന സ്കീം ഗവണ്മെൻറുതന്നെ ഏറെറടുക്കുന്നതാണു് നല്ലതെന്നാണു് കേന്ദ്രഗവണ്മെൻറിനു് എഴുതി അയച്ചിട്ടുള്ളതു്

ശ്രീ. സി. അച്ചുതമേനോൻ: ഇവിടത്തെ വ്യവസായ ഉടമകളെക്കൊണ്ടു് തൊഴിലാളികൾക്കുവേണ്ടി ഭവനം നിർമ്മിച്ചു കൊടുപ്പിക്കുന്നതിനു് ഇവിടത്തെ ഗവണ്മെൻറു് ആലോചിക്കുന്നില്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൽക്കാലം ആലോചിക്കുന്നില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഈ ഭവനനിർമ്മാണപദ്ധതി കേന്ദ്രഗവണ്മെൻറിന്റെ പഞ്ചവത്സരപദ്ധതിയിൽപ്പെട്ടതാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. കെ. കരുണാകരൻ: ഗവണ്മെൻറ് ഭവനനിർമ്മാണപദ്ധതിക്കായി തൊഴിലുടമകളെ സമീപിക്കയുണ്ടായോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരവസരത്തിൽ സമീപിച്ചു. എന്നാൽ അവർ അതിനോട് പൂർണ്ണമായി അനുകൂലിക്കയുണ്ടായില്ല. രണ്ടാമതു് ഇതു തൽക്കാലം ഗവണ്മെൻറിൽനിന്നും ഏറ്റെടുത്തു നടത്തുന്നതാണ് നല്ലതെന്നുദ്ദേശിക്കയും ചെയ്തു.

ശ്രീ. ഒ. സി. നൈനാൻ: തൊഴിലാളികൾ ഉള്ള സ്ഥലത്തു മാത്രമല്ലാതെ മററുള്ള സ്ഥലങ്ങളിലും ഭവനങ്ങൾ നിർമ്മിച്ചു കൊടുക്കാൻ ഗവണ്മെൻറ ശ്രമിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു് ഇൻഡ്യാഗവണ്മെൻറിൻെറ സബ്സിഡൈസ്ഡ് സ്കീം അനുസരിച്ചുള്ളതാണ്.

Dispensaries.

✻ 43 (3) **Shri K. Bhanu :** Will the Minister for Medicine be pleased to state :

(*a*) the number of rural dispensaries in the State which are not working for want of doctors ;

(*b*) the steps taken by the Government to provide doctors for these dispensaries ;

(*c*) whether there is any proposal to constitute a panel of rural medical practitioners one for each district consisting of retired men and other practitioners of all systems of medicine with a view to invite suitable hands to fill up the above vacancies for specific periods ; and

(*d*) to lay on the table of the House a list of Mobile Medical and Health Units in the State for rural service ?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) Nil.

(*b*) Does not arise.

(*c*) No.

(*d*) There are no mobile Medical Units now. There are three primary Health Units in the State. They are at Kumbalanji, Kuthatukulam and Karunagapalli. Government have recently sanctioned the opening of a Health Unit at Kattakada. There is also a proposal to start a Health Unit at Ulloor. In addition to the above, there are three Maternity and Child Welfare Centres at Olloor, Azhikode and Aloor in the Cochin District.

Shri K. Bhanu : Is there any mobile Medical Unit ?

Mr. Speaker : The answer is in the negative.

ശ്രീ. എ. കുഞ്ഞൻ നാടാർ : നെയ്യാററിൻകര ഹെൽത്ത് യൂണിററ് നിറുത്താൻ ആലോചിക്കുന്നതിന് വല്ല പ്രത്യേക കാരണവുമുണ്ടോ ?

Mr. Speaker: Does it arise out of this question? The question does not refer to the Health Unit at all.

Audit of Accounts.

❋ 44 (4) **Shri K. Bhanu :** Will the Minister for Works and Transport be pleased to state :

(*a*) whether any audit of the accounts of the Government Transport Department has been made ; and

(*b*) whether the audit report if completed will be made available to the public ?

Minister for Works & Transport (**Shri Kalathil Velayudhan Nair) :**

(*a*) Yes.

(*b*) The printed audit report will as usual be placed before the Legislature in due course.

Shri K. Bhanu : Is it possible to conduct the audit yearly ?

Shri Kalathil Velayudhan Nair : That is being done yearly.

Shri K. Bhanu : What is the length of the last audit year ?

Shri Kalathil Velayudhan Nair : I am not in a position to give that information now.

Public Works.

❋ 45 [5] **Shri T. S. Ramaswami :** Will the Minister for Works and Transport be pleased to state :

(*a*) the number and details of new Public Works started in the taluks of Tovala, Agasteeswaram, Kalkulam and Vilavancode with a view to relieve the distress in these taluks due to the failure of crops during the last season ;

(*b*) if so, the amount spent for this purpose after the last session of this Assembly ;

(*c*) the amount paid as wages to the workers employed in such public works, if any ; and

(*d*) the number of families thus benefited by these new works, if any ?

Minister for Works and Transport (**Shri Kalathil Velayudhan Nair) :**

(a) With a view to relieving distress alone as pointed out in the question, no work has been taken up. The following works were taken up :

1. Thickanamcode Channel starting from 10/4 T. Code Channel.

2. Cement concreting Trivandrum—Aramboli Road, 10 miles.

3. Installation of electric pump at Pechipara for lifting water below the sill level of sluice for utilizing for irrigation purposes.

4. Lift irrigation work at Neyyoor. Besides, 25 new budgeted works have also been started.

(b) Rs. 50,570 for the special works and Rs. 51,416 for the budgeted works.

(c) & (d) The works in general are being done on contract labour and no departmental labour was employed directly. Hence the details are not known.

Shri T. S. Ramaswami : Am I to take it Sir, that with a view to relieve distress in South Travancore no work was taken up ?

Shri Kalathil Velayudhan Nair : The answer is that with a view to relieving distress alone no work has been taken up.

Shri T. S. Ramaswami : Is it not true that during the last session the Government spokesman gave an undertaking that public works will be undertaken to relieve the distressed in South Travancore.

Shri Kalathil Velayudhan Nair : An answer was given like that. In accordance with that assurance certain works were takan up.

Shri T. S. Ramaswami : What were those works ?

Shri Kalathil Velayudhan Nair : The works which I mentioned just now.

Shri P. S. Nataraja Pillai : May I know whether there was not provision in the budget for these works ?

Shri Kalathil Velayudhan Nair : Yes, there was.

Shri P. S. Nataraja Pillai : Were not those works taken up before the last session ? Was any work taken up for relieving the distress in South Travancore ?

Shri Kalathil Velayudhan Nair : For relieving distress a one no work was taken up.

Shri P. S. Nataraja Pillai : Was any work undertaken there after the last session ?

Shri Kalathil Velayudhan Nair : Many works were undertaken after the last session.

Shri P. S. Nataraja Pillai : May I know whether any work for which there was no provision in the budget was taken up after the last session ?

Shri Kalathil Velayudhan Nair : Works for which there was no provision in the budget were also taken up.

Shri P. S. Nataraja Pillai : May I know the particular works which were undertaken after the last session for which there was no provision in the budget ?

Shri Kalathil Velayudhan Nair : Concreting of the Nagercoil-Aramboly road.

Shri P. S. Nataraja Pillai : Were not tenders invited even during the time of the last session ?

Shri Kalathil Velayudhan Nair : But work was not started.

Shri P. S. Nataraja Pillai : Has it been started now ?

Shri Kalathil Velayudhan Nair : I believe that the work must have been started now.

Shri P. S. Nataraja Pillai : May I make a statement, Sir, that it has not been started yet? I have been on the spot.

Mr. Speaker : The Minister has stated that the work has already been started there and the Member will have to be satisfied with that answer.

Shri P. S. Nataraja Pillai : But I challenge that statement, Sir. May I know on which date the work was started ?

Shri Kalathil Velayudhan Nair : I am not able to say which work was taken up on a particular day. But I know that action has already been taken regarding the supply of metal for the Nagercoil-Aramboly road.

Shri P. S. Nataraja Pillai : I would request the hon. Member to give at least one single instance of a work which was undertaken after the last session.

Shri Kalathil Velayudhan Nair : Works in connection with the concreting of the Nagercoil-Aramboly road and pumping out of water at the Pechipara dam were taken up after the last session.

ശ്രീ. എ. കുഞ്ഞൻ നാടാർ: ചെമ്പിപ്പാറയിലുള്ള വേലക്ക് എത്ര തൊഴിലാളികളാണുണ്ടായിരുന്നത് ?

Mr. Speaker: The answer has already been given by the Minister that he was not able to give details of the works started, the number of labourers employed, etc.

ശ്രീ. എ. കുഞ്ഞൻ നാടാർ: ചെമ്പിപ്പാറയിൽ പമ്പു ഫിറ്റു ചെയ്തതു് കോൺട്രാക്ട് കൊടുത്താണോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കോൺട്രാക്ട് കൊടുത്തുമുണ്ട് അല്ലാതെയുമുണ്ട്.

ശ്രീ. എ. കുഞ്ഞൻ നാടാർ: കോൺട്രാക്ട് കൊടുത്തതേതാണെന്നും അല്ലാത്തതേതാണെന്നും പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: കോൺട്രാക്ട് കൊടുക്കാതെതന്നെ അവിടത്തെ മുഴുവൻ ജോലിയും ചെയ്യാൻ ആളുകൾ തയാറുണ്ടെന്നു പറയുന്നതു് ശരിയാണോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു മുഴുവൻ ശരിയല്ല.

Contingency Staff of the Public Health Department.

* 46 [6] **Shri T. S. Ramaswami:** Will the Minister for Medicine and Public Health be pleased to state:

(*a*) whether the wages of the contingency staff of the Public Health Department (sweepers) have been reduced by the Government;

(*b*) if so, from what monthly rate of wages was it reduced and to what rate;

(*c*) the purpose for which this reduction of wages was made;

(*d*) the number of workers families affected by this reduction;

(*e*) whether the Government have received any complaint from the public regarding this matter?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) Yes.

(*b*) From a pay of Rs. 20 plus D. A. Rs. 22 per mensem to a pay of Rs. 7 plus D. A. Rs. 7 1/2 per mensem. This was subsequently raised to a consolidated allowance of Rs. 20 per mensem.

(*c*) As a measure of curtailment of expenditure.

(*d*) 482.

(*e*) Yes.

Shri T. S. Ramaswami : May I know whether similar measures were taken in any other department for curtailing expenditure ?

Chief Minister **(Shri A. J. John) :** Similar measures were taken in other departments also, for instance, in the Land Revenue, Education and other departments.

Shri T. S. Ramaswami : Was there any reduction of the scale of pay ?

Shri A. J. John : Yes, as answered already from Rs. 20 plus Rs. 22 it was reduced to Rs. 7 plus Rs. 7 1/2 per mensem.

Shri T. S. Ramaswami : Does this reduction affect only the contingency staff or the other N. G. O's also ?

Shri A. J. John : Only the contingency staff.

Shri T. S. Ramaswami : May I know whether there was any reduction in the higher grades ?

Shri A. J. John : There was no reduction ?

Shri T. S. Ramaswami : May I know whether the Government is aware of a scheme adumbrated in the Madras State whereby the pay scales of Government employees drawing more Rs. 300 per mensem were reduced ?

Mr. Speaker : That is supplying information. Government may or may not be aware of such a scheme.

ശ്രീ. ഏ. കുഞ്ഞൻ നാടാർ : മുമ്പു ചെയ്തിട്ടുള്ള ജോലിക്കും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ജോലിക്കും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?

ശ്രീ എ. ജെ. ജാൺ ; ജോലിക്കു വ്യത്യാസമൊന്നുമില്ല. അവക്ക് ഒരുദിവസം ഒന്നോ രണ്ടോ മണിക്കൂർനേരത്തെ ജോലി മാത്രമെ കാണുകയുള്ളു.

ശ്രീ. എ. കെ. ചെല്ലയ്യാ : വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ നാല്പത്തിരണ്ടുരൂപവീതം ശമ്പളം കൊടുത്തുകൊണ്ടിരുന്നതു ഇങ്ങനെ പതിനാലുരൂപയാക്കി കുറച്ചിട്ടുണ്ടോ?

Shri M. M. Abdul Khader: Does not the Government think that the Madras system is a better system for reducing expenditure?

Mr. Speaker: That is a matter of opinion.

ശ്രീ. എ. കെ. ചെല്ലയ്യാ : സർ, കണ്ടിജൻസി വർക്കേഴ്സിൻെറ കാര്യത്തെപ്പറ്റി തന്നെയാണ് ഞാനും ചോദിക്കുന്നത്.

ശ്രീ. ടി. മാധവൻ : കണ്ടിജൻസി വർക്കേഴ്സിനെ നിയമിച്ചിട്ടുള്ളതു താൽക്കാലത്തേക്കു മാത്രമാണ്. അവരെ പെർമനൻറ് എസ്റ്റാബ്ലിഷ്മെൻറായി നിയമിച്ചിട്ടുള്ളവരല്ല. എപ്പോൾ വേണമെങ്കിലും

അവരോട പോകാൻ പറയാം. ഇവർക്ക് ഇവരെ ഏൽപ്പിച്ചിട്ടുള്ള ജോലികഴിഞ്ഞു് മററ ജോലിക്കു് ഒക്കെ പോയി പണമുണ്ടാക്കുന്നതിനും സൗകര്യമുണ്ട്. അങ്ങനെയുള്ളവർക്ക് കൂടുതൽ കൂലിയോ ശമ്പളമോ കൊടുക്കുന്നതു് ശരിയാണെന്നു തോന്നുന്നില്ല.

ശ്രീ. എ. കെ. ചെല്ലയ്യാ: ഗവണ്മെൻറശമ്പളം വാങ്ങിച്ചുകൊണ്ടു് പുറത്തുപോയി ബ്ലാക്കു് മാർക്കററിംഗ് നടത്തിയോ മററോ ജീവിക്കണമെന്നാണോ പറയുന്നതു്?

Mr. Speaker: That question need not be answered.

ശ്രീ. സി. അച്യുതമേനോൻ: കണ്ടിജൻസി വർക്കേഴ്സായി ജോലി ചെയ്യുന്ന പലരും സ്ഥിരമായി ജോലിചെയ്തുകൊണ്ടിരിക്കുന്നവരല്ലേ?

Mr. Speaker: The original question refers to contingency service men only and not about other officers who are in the permanent grade.

ശ്രീ. വി. മാധവൻ: വളരെക്കാലം കണ്ടിജൻസിയായിത്തന്നെ ശമ്പളം പററിക്കൊണ്ടു് ജോലി ചെയ്തുകൊണ്ടിരിക്കുന്നവരുമുണ്ട്.

ശ്രീ. സി. അച്യുതമേനോൻ: റിട്രഞ്ചുമെൻറ വരുത്തുന്ന അവസരത്തിൽ സാമ്പത്തികമായി വളരെ അധഃപതിച്ചു കിടക്കുന്നവരുടെ ശമ്പളമാണോ ആദ്യമായി റിട്രഞ്ചു ചെയ്യുന്നതു്?

ശ്രീ. വി. മാധവൻ: ഇതു് ഒരു റിട്രഞ്ചുകാര്യമായിട്ടല്ല ചെയ്തിട്ടുള്ളതു്. ഇവർക്കു് ഒന്നോ രണ്ടോ മണിക്കൂർ നേരത്തെ ജോലി മാത്രമെയുള്ളു. അതുകൊണ്ടു് അവരുടെ ശമ്പളം കുറയ്ക്കുന്നതു് തെററാണെന്നു തോന്നിയില്ല. പോരെങ്കിൽ അവർക്കു് മററ ജോലികൾക്കു പോകുകയും ചെയ്യാം.

ശ്രീ. ഇ. കൃഷ്ണൻ നായർ: രാവിലെ എട്ടോ ഒൻപതോമണിവരെ ഈ സ്വീപ്പേഴ്സിനു് ജോലിയുണ്ടെന്നറിയാമോ?

ശ്രീ. വി. മാധവൻ: ഉണ്ടായിരിക്കും.

ശ്രീ. ഇ. കൃഷ്ണൻ നായർ: ആ നിലയ്ക്കു് ഈ ജോലിയും കഴിഞ്ഞു് ഇവർക്കു് മററ ജോലിക്കു് പോകുവാൻ സൗകര്യം കിട്ടുമോ?

ശ്രീ. വി. മാധവൻ: അതിനുശേഷം അവർക്കു് മററ പല ജോലികൾക്കും പോകുവാൻ കഴിയും.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഏതു വർഷത്തിലാണ് ഇവർക്കു് കൂടിയ ശമ്പളം ആദ്യമായി ഏർപ്പെടുത്തിയതു്?

ശ്രീ. വി. മാധവൻ: രണ്ടുമൂന്നു വർഷമായിരിക്കും.

ശ്രീ. പി. എസ്സ്. നടരാജപിള്ള: അവർക്കു് അലവൻസു് കൂട്ടിക്കൊടുത്തതുതന്നെ മൂന്നുവർഷത്തിനു മുമ്പല്ലെ?

ശ്രീ. വി. മാധവൻ: ആയിരിക്കാം.

ശ്രീ: പി. എസ്സ് നടരാജപിള്ള: ഇത്രയുംകാലം അവക്കു് ശമ്പളം കൊടുത്തുവന്നതു് അവർ ചെയ്തുകൊണ്ടിരുന്ന ജോലിക്കല്ലെ?

ശ്രീ. വി. മാധവൻ: ഞാൻ നേരത്തെ പറഞ്ഞു, അവക്കു മുഴുവൻ സമയവും ജോലി ചെയ്യേണ്ടതില്ലെന്നു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ആ വ്യവസ്ഥ മുമ്പും ഉണ്ടായിരുന്നതല്ലെ?

ശ്രീ. വി. മാധവൻ: അതെ. ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ചു് സമ്മതമുള്ളവക്കമാത്രം ജോലി ചെയ്താൽ മതിയല്ലൊ.

ശ്രീ. ററി. വി. തോമസ്സ്: മററ ഡിപ്പാർട്ടുമെൻറുകളിൽ കുറവു വരുത്തി എന്നു പറഞ്ഞുവല്ലൊ. ഏററവും കുറവു വരുത്തിയ സംഖ്യ എത്രയാണെന്നു പറയാമോ?

Mr. Speaker: There seems to be some misunderstanding of the whole question. This refers only to the contingency service men in Public Health Department.

ശ്രീ. ററി. വി. തോമസ്സ്: ആലപ്പുഴയിൽ സ്വീപ്പേഴ്സിനു് ഇപ്പോഴും മൂന്നു രൂപയാണു ശമ്പളം കൊടുക്കുന്നതെന്നറിയാമോ?

ശ്രീ. വി. മാധവൻ: അതു് ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. ററി. വി. തോമസ്സ്: അങ്ങനെ ഒരു സ്റ്റേററമെൻറു് ഞാൻ ഇപ്പോഴും ചെയ്ത നിലയ്ക്കു് അതു വിശ്വസിക്കാമോ?

Mr. Speaker: It is not incumbent upon the Minister to accept that statement.

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെൻറു് കണ്ടിജൻസി ജീവനക്കാക്കെല്ലാവക്കും ഒരുപോലെയാണോ ശമ്പളം കൊടുക്കുന്നതു്?

ശ്രീ. വി. മാധവൻ: ഒരുപോലെ ആയിരിക്കുകയില്ല.

ശ്രീ. ററി. കെ. ദിവാകരൻ: അങ്ങനെ പലവിധത്തിൽ ശമ്പളം കൊടുക്കുന്നതിൽ ഗവണ്മെൻറു് ഏതെങ്കിലും മാനദണ്ഡം അവലംബിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണു്?

ശ്രീ. വി. മാധവൻ: അതും ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

ஸ்ரீ. ஏ. ஸாம்ராஜ்: காலையில் இவ்வளவு மணிக்கூர், மாலையில் இவ்வளவு மணிக்கூர் வேலை செய்யவேண்டுமென்று ஏதாவது நிர்பந்தம் இருக்கிறதா?

ശ്രീ. വി. മാധവൻ: റോഡു് തൂക്കുന്നതിനു്. ഇന്നയിടംമുതൽ ഇന്നയിടംവരെ തൂക്കണമെന്നല്ലാതെ ഇത്ര മണിക്കൂർ തൂക്കണമെന്നു നിശ്ചയിച്ചിട്ടില്ല.

ஸ்ரீ. ஏ. சாம்ராஜ்: ஒன்றோ இரண்டோ மணிக்கூர் மாத்திரம் வேலை செய்துவிட்டுப்போனால், திரும்பியும் வந்து வேலை செய்யாதது பற்றி கேள்வி ஏதாவது உண்டா?

ശ്രീ. പി. മാധവൻ: ഇപ്പോൾ അവരെ ഏൽപ്പിച്ചിട്ടുള്ളിടത്തോളം സമയം ജോലി എന്നേ ഉള്ളൂ.

Health Officer for the Trivandrum Municipal Corporation.

*47 [7] **Shri T. S. Ramaswami :** Will the Minister for local Self Government be pleased to state :

(*a*) whether it is a fact that the Trivandrum Municipal Corporation is bereft of a qualified medical practitioner for a long time ;

(*b*) whether the Government have received any resolution demanding a qualified Health Officer ;

(*c*) if so, when; and

(*d*) what action the Government have taken on the resolution.

Minister for Local Self-Government **(Shri K. Kochukuttan) :**

(*a*) The post of Health Officer is vacant from 9-9-1952.
(*b*) Yes.
(*c*) On 16-9-1952 and 2-1-1953.
(*d*) The matter is under the consideration of Government.

Shri T. S. Ramaswami : May I know from Government when they are going to appoint a first grade officer ?

Shri K. Kochukuttan : I have already stated that the matter is under the consideration of Government.

Shri T. S. Ramaswami : How long has it been under the consideration of Government?

ശ്രീ. എ. താണുപിള്ള: [illegible]-ലെ ശുപാർശ എന്തായിരുന്നു?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരു ഡാക്ടർ കുമാരൻനായരെ ഹെൽത്താഫീസറായി നിയമിക്കണമെന്നാണ് ശുപാർശ ചെയ്തിരുന്നത്.

ശ്രീ. എ. താണുപിള്ള: അതിനു ഗവൺമെന്റ് എന്തു മറുപടി കൊടുത്തു?

ശ്രീ. കെ. കൊച്ചുകുട്ടൻ: തൽക്കാലം യാതൊരു മറുപടിയും കൊടുത്തില്ല.

ശ്രീ. എ. താണുപിള്ള: ഇത്രകാലത്തിനകം മറുപടി കൊടുക്കണമെന്നു വല്ല വ്യവസ്ഥയോ വഴക്കമോ ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനു മറുപടി കൊടുക്കുന്നകാര്യത്തെ പററി ആലോചന നടത്തിക്കൊണ്ടിരിക്കയാണു്. ആലോചനകഠം പൂത്തിയാകാത്തതുകൊണ്ടു് മറുപടി കൊടുത്തില്ല.

ശ്രീ. ഏ. താണുപിള്ള: അത്രയും മാസക്കാലമായിട്ടു് ഗവണ്മെൻറു് ഡാക്ടറന്മാരുടെ സർവ്വീസ് കൊടുക്കുന്നതു സംബന്ധിച്ചു് ഗവണ്മെൻറു ഇതുവരെ ഒരു തീരുമാനത്തിലും എത്തിയിട്ടില്ല എന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഡാക്ടർ കുമാരൻനായക്കു് പബ്ലിക്കു് ഹെൽത്തിൽ ജോലിയുണ്ടു്. അദ്ദേഹത്തെ അവിടെനിന്നും മാററി നിയമിക്കേണ്ടിവരും, അതുകൊണ്ടാണു് അതേപ്പററി ഇതുവരെ യാതൊരു തീരുമാനവും ചെയ്യാതിരുന്നതു്.

ശ്രീ. ഏ. താണുപിള്ള: ഇതുവരെ ഒരു തീരുമാനവും ഉണ്ടായിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. ഏ. താണുപിള്ള: [illegible]-ൽ കാർപ്പറേഷൻചെയ്ത ശുപാർശ എന്തായിരുന്നു?

ശ്രീ കെ. കൊച്ചുകുട്ടൻ: വേറെ ഒരു ഡാക്ടരെ നിയമിക്കണമെന്നായിരുന്നു.

ശ്രീ. ഏ. താണുപിള്ള: ഏതു ഡാക്ടരാണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു ഇപ്പോഠം പറയാൻ നിവൃത്തിയില്ല.

ശ്രീ. ഏ. താണുപിള്ള: എന്നു പറഞ്ഞതിൻെറ അത്ഥം ഡാക്ടരുടെ പേർ ഇപ്പോഠം കൈവശമില്ല എന്നാണോ, അതോ, ആ ഡാക്ടരുടെ പേരുവിവരം വെളിപ്പെടുത്താൻ നിവൃത്തിയില്ല എന്നാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആ ഡാക്ടരുടെ പേർ ഇപ്പോഠം പറയുന്നതു് വിഹിതമാണെന്നു തോന്നുന്നില്ല.

ശ്രീ. ഏ. താണുപിള്ള: മദ്രാസ് പബ്ലിക്കഹെൽത്തു് ഡിപ്പാർട്ടുമെൻറിൽ ഡെപ്യൂട്ടി സർജനായി റിട്ടയർ ചെയ്ത ഡാക്ടർ മി. അനന്തൻ പിള്ളയെയാണോ കാർപ്പറേഷൻ ശുപാർശചെയ്തിരുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആയേക്കാം.

ശ്രീ. ഏ. താണുപിള്ള: അദ്ദേഹം മദ്രാസിൽ പബ്ലിക്കഹെൽത്തു് ഡിപ്പാർട്ടുമെൻറിൽ വളരെക്കാലം വളരെ ഉയന്ന ജോലിയിൽ ഇരുന്നു് റിട്ടയർചെയ്തതിനുശേഷം ഇവിടത്തെ ഈ ഉദ്യോഗം വഹിക്കുവാൻ സമ്മതിച്ചു എന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അദ്ദേഹം സമ്മതിച്ചോ ഇല്ലയോ എന്നു നിശ്ചയമില്ല. ബഹുമാനപ്പെട്ട മെംബർ പേരുപറഞ്ഞ ആളിനെത്തന്നെയാണോ കാർപ്പറേഷൻകാർ ശുപാർശചെയ്തിരിക്കുന്നതെന്നും നിശ്ചയമില്ല.]

ശ്രീ. എ. താണുപിള്ള : ആ ശുപാർശയിന്മേൽ ഗവമ്മെൻറ എന്തു നടപടി നടത്തി?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പററി ഗവമ്മെൻറ ആലോചിച്ചു കൊണ്ടിരിക്കയാണു്.

ശ്രീ. എ. താണുപിള്ള : ഇത്രയും കാലമായിട്ടും ഗവമ്മെൻറിനു് ഇതിനെപ്പററി ഒരു തീരുമാനം ചെയ്യുവാൻ കഴിയാതിരുന്നതു എന്തുകൊണ്ടാണു്?

Mr. Speaker : All those questions do not arise from this question. The question which the member puts is not relevant to the main question here.

ശ്രീ. എ. താണുപിള്ള : തിരുവനന്തപുരം സിററിയിലുള്ള ഒന്നര ലക്ഷം ആളുകളുടെ ജീവിതത്തെ സാരമായി ബാധിക്കുന്ന ഇക്കാര്യത്തെപ്പററി എനിക്കു ഒന്നുരണ്ടു ചോദ്യങ്ങൾകൂടി ചോദിക്കാനുണ്ടു്, സർ.

Sir, it is a very important matter affecting the health of one and a half of lakhs of people.

ഗവമ്മെൻറിൻെറ അനുവാദംകൂടാതെ തിരുവനന്തപുരം കാർപ്പറേഷൻ അധികാരികൾക്കു് ഒരു ഹെൽത്താഫീസറെ നിയമിക്കാൻ സാധിക്കാത്തവിധത്തിലാണോ നിയമം ഇരിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പററിയുള്ള നിയമം നോക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള : കാർപ്പറേഷൻനിയമങ്ങളെ സംബന്ധിച്ചു അതിൻെറ ചാർജ് വഹിക്കുന്ന മന്ത്രിക്കു് ഒന്നും അറിഞ്ഞുകൂടെന്നാണോ വിചാരിക്കേണ്ടതു്?

ശ്രീ കെ. കൊച്ചുകുട്ടൻ : ഈ നിയമനത്തെസംബന്ധിച്ചു് ഗവമ്മെൻറിൻെറ അവസാനതീരുമാനം ഉണ്ടായതിനുമേൽമാത്രമേ മറുപടി പറയാൻ സാധിക്കുകയുള്ളു.

ശ്രീ. എ. താണുപിള്ള : ഗവമ്മെൻറിൻെറ ഇപ്പോഴത്തെ നില ഒരു ഹെൽത്താഫീസറെ കൂടാതെ കാര്യങ്ങൾ സാധിക്കുമെന്നാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെയല്ല. ഇവിടെ ഒരു അസിസ്റ്റൻറു് ഹെൽത്താഫീസർ ജോലി നോക്കുന്നുണ്ടു്.

ശ്രീ. എ. താണുപിള്ള : ഈ അസിസ്റ്റൻറു് ഹെൽത്താഫീസർ മുമ്പും ഉണ്ടായിരുന്നില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടായിരുന്നു.

ശ്രീ. എ. താണുപിള്ള : ഈ അസിസ്റ്റൻറു് ഹെൽത്താഫീസർ ജോലി നിർവ്വഹിച്ചാൽ മതിയെന്നാണോ വിചാരിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെയല്ല വിചാരിക്കുന്നതു്. ഹെൽത്താഫീസറുടെ നിയമനം ഉണ്ടാകുന്നതുവരെ അദ്ദേഹം ആ ചാർജ് വഹിക്കുന്നതായിരിക്കും.

ശ്രീ. എ. താണുപിള്ള: ഈ നിയമനം നടത്താൻ ഇനി എത്ര കാലം വേണ്ടിവരുമെന്നു നിശ്ചിതമായി പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നിശ്ചിതമായി പറയാൻ സാധിക്കുകയില്ല, എങ്കിലും അധിക കാലതാമസം ഉണ്ടാകുകയില്ലെന്നു തോന്നുന്നു.

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറു വല്ലവരേയും ഈ ജോലിക്കു വേണ്ടി നിയമിക്കണമെന്നുദ്ദേശിക്കുന്നതുകൊണ്ടാണോ ഈ താമസം നേരിടുന്നതു് എന്നുകൂടി ഞാൻ സംശയിക്കുന്നതിൽ തെററുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ സംശയിക്കേണ്ട കാര്യമില്ല.

ടെലഫോൺ ചാർജ്ജ്.

* ൪വ്യ. [വ്യ] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൭ ഡിസംബർ ൧൬-ാംനു മുതൽ ടെലഫോൺ ലോക്കൽ കാളിനു് ചാർജ്ജ് ഈടാക്കിവരുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ വ്യവസ്ഥ ഏർപ്പെടുത്തുന്നതിനു മുൻപു ഈ ഗവണ്മെൻറുമായി എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ;

(സി) ഈയിനത്തിൽ ൧൯൫൭ ഡിസംബർ ൧൬-ാംനു മുതൽ ൧൯൫൮ ജനവരി ൧൬-ാംനു വരെ ഗവണ്മെൻറിനു് എന്തു ചെലവായിട്ടുണ്ടു്;

(ഡി) ഇക്കാര്യത്തിൽ ഈ ഗവണ്മെൻറ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫലമെന്തു്?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ):

(എ) ഉണ്ടു്.

(ബി) ആലോചന നടത്തിയിരുന്നില്ല. പക്ഷെ ഈ വ്യവസ്ഥ ഏർപ്പെടുത്തുന്നതിനുമുമ്പു് ഈ ഗവണ്മെൻറിനെ അറിയിച്ചിരുന്നു.

(സി) വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

(ഡി) ഉണ്ടു്. പുതിയ പദ്ധതിയുടെ പ്രവൎത്തനത്തെ കുറച്ചുകാലം വീക്ഷിച്ചുശേഷം വേണ്ടമാററങ്ങൾ വരുത്തുന്നതിനു് ശ്രമിക്കുന്നതാണു്.

ശ്രീ. ടി. എ. മജീദ്: ഈ പുതിയ സമ്പ്രദായം അല്ലെങ്കിൽ പദ്ധതി പത്രക്കാൎക്കും വ്യാപാരികൾക്കും ഭീമമായ നഷ്ടം ഉണ്ടാക്കുന്നുണ്ടു് എന്നുള്ള വിവരം അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: നഷ്ടം ഉണ്ടാകുന്നുണ്ടു് എന്നറിയാം.

ശ്രീ. ടി. എ. മജീദ്: അതു സംബന്ധിച്ചു് കേന്ദ്രഗവണ്മെൻറിനോടു് വല്ല എഴുത്തുകുത്തും നടത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: വേണ്ടവിധത്തിൽ എഴുത്തുകുത്തു നടത്തിയിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: കേന്ദ്രഗവണ്മെൻറിനെ ഈ വിവരം അറിയിച്ചതനുസരിച്ച് എന്തു മറുപടിയാണ് കിട്ടിയിട്ടുള്ളത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ പദ്ധതി തിരുവിതാംകൂർ സംസ്ഥാനത്തുമാത്രം ഉള്ള ഒരു പദ്ധതിയല്ല. ഇതെല്ലാസംസ്ഥാനങ്ങളേയും ബാധിക്കുന്ന ഒരു പുതിയ വ്യവസ്ഥയാണ്, അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെയ്ക്കുമാത്രം ഈ കാര്യത്തിൽ നഷ്ടം സംഭവിക്കുന്നു എന്നു പറയുന്നതു് ശരിയാണെങ്കിൽതന്നെയും കേന്ദ്ര ഗവണ്മെൻറ് എന്തു നടപടിയെടുക്കാൻ പോകുന്നു എന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: പത്രക്കാർക്കും ചില വലിയ കച്ചവടക്കാർക്കും നഷ്ടം വരുന്നു എന്നല്ലാതെ സാധാരണക്കാർക്ക് ഇപ്പോഴത്തെ പദ്ധതി അനുകൂലമാണെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ജനങ്ങളുടെ ഇടയിൽ അങ്ങനെയും ഒരഭിപ്രായമുണ്ട്.

പഞ്ചായത്തുതെരഞ്ഞെടുപ്പ്.

* ൪൬. [൯] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് പഞ്ചായത്തുതെരഞ്ഞെടുപ്പ് എന്നാണ് ആരംഭിക്കുന്നതു്;

(ബി) പഞ്ചായത്തുതെരഞ്ഞെടുപ്പ് ഏതു വോട്ടിംഗ്സമ്പ്രദായത്തിലാണ് നടത്താൻ നിശ്ചയിച്ചിരിക്കുന്നതു്;

(സി) പൊതുതിരഞ്ഞെടുപ്പിലും കാർപ്പറേഷൻ—മുനിസിപ്പൽ തെരഞ്ഞെടുപ്പിലും സ്വീകരിച്ച വോട്ടിംഗ്സമ്പ്രദായം പഞ്ചായത്തു തെരഞ്ഞെടുപ്പിലും സ്വീകരിക്കാതിരിക്കാൻ കാരണമെന്തു്;

(ഡി) പഴയ വോട്ടിംഗ് സമ്പ്രദായം രഹസ്യവോട്ടിംഗിൻെറ തത്വത്തിന് എതിരായതുകൊണ്ടല്ലേ ആ സമ്പ്രദായം മാററി പുതിയ ഒരു രീതി പൊതുതെരഞ്ഞെടുപ്പിൽ സ്വീകരിച്ചതു്;

(ഇ) പൊതുതെരഞ്ഞെടുപ്പിൽ സ്വീകരിച്ച അതേ വോട്ടിംഗ് സമ്പ്രദായം പഞ്ചായത്തുതെരഞ്ഞെടുപ്പിലും സ്വീകരിക്കാൻ സത്വര നടപടികൾ കൈക്കൊള്ളുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൧൯൫൩ ഏപ്രിൽമാസത്തിൽ.

(ബി) പൊതു തെരഞ്ഞെടുപ്പിലും, കാർപ്പറേഷൻ മുനിസിപ്പൽ തെരഞ്ഞെടുപ്പിലും സ്വീകരിച്ച വോട്ടിംഗ്സമ്പ്രദായമാണ് മിക്കവാറും സ്വീകരിച്ചിരിക്കുന്നതു്.

(സി) (ബി)-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ (സി) ഉദിക്കുന്നില്ല.

(ഡി) ആയിരിക്കാം.

(ഇ) (ബി)-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ (ഇ) ഉദിക്കുന്നില്ല.

ശ്രീ. ടി. എ. മജീദ്: പൊതു തെരഞ്ഞെടുപ്പിൽ ഉണ്ടായിട്ടുള്ള വ്യവസ്ഥകളനുസരിച്ചല്ലേ പഞ്ചായത്തുതെരഞ്ഞെടുപ്പും നടത്തുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഏകദേശം ആ വ്യവസ്ഥകൾ അനുസരിച്ചായിരിക്കും നടത്തുന്നത്.

ശ്രീ. എ. താണുപിള്ള: നിയമസഭയ്ക്കുവേണ്ടി തെരഞ്ഞെടുപ്പു നടത്തിയപ്പോൾ ഉപയോഗിച്ചിട്ടുള്ള മഷി, അതായത് കൈഅടയാളം, പഞ്ചായത്തുതെരഞ്ഞെടുപ്പിലും ഉപയോഗിക്കാൻ ഏർപ്പാടു ചെയ്യുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പഞ്ചായത്തു തെരഞ്ഞെടുപ്പ് ചെറിയ ചെറിയ വാർഡുകളിലായിട്ടാണ് നടത്തുന്നത്. ആ സ്ഥിതിക്ക് മഷി ഉപയോഗിച്ചില്ലെങ്കിലും കള്ളവോട്ടുകൾ നടത്തിയാൽ കണ്ടുപിടിക്കാവുന്നതാണ്.

ശ്രീ. എ. താണുപിള്ള: കഴിഞ്ഞ മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ പല സ്ഥലങ്ങളിലും കള്ളവോട്ടു ചെയ്തു എന്നു പരാതികൾ ഉണ്ടായിരുന്നതായിട്ടറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പറയത്തക്ക പരാതികൾ ഉണ്ടായിട്ടില്ല. ഉണ്ടായ പരാതികൾതന്നെ മതിയായ അടിസ്ഥാനമുണ്ടോ എന്നുള്ളത് സംശയമാണ്.

ശ്രീ. എ. താണുപിള്ള: കള്ളവോട്ടു ചെയ്തു എന്നു തെളിയിച്ചാൽ അതു സ്വീകരിക്കാൻ തയാറാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നിശ്ചയമായും.

ശ്രീ. എ. താണുപിള്ള: കൈഅടയാളത്തിനുവേണ്ടി ഉപയോഗിക്കുന്ന മഷി വേണ്ടെന്നുവെയ്ക്കുന്നതുകൊണ്ട് അവിടെ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർ ഏതെങ്കിലും പാർട്ടിക്ക് അനുകൂല്യം ചെയ്യണമെന്നു വിചാരിച്ചാൽ സാധിക്കുകയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെയുള്ള സംശയങ്ങൾക്ക് കാരണമുണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ: പൊതു തെരഞ്ഞെടുപ്പിനു ഉപയോഗിച്ചുപോലെ വാഹനങ്ങൾ ഈ തെരഞ്ഞെടുപ്പിനു ഉപയോഗിക്കാതിരിക്കാൻ വേണ്ട നിയമം ഉണ്ടാക്കുമോ?

Mr. Speaker: The Hon'ble Member may put the question in another form.

Shri C. Achyutha Menon: I know that. I put this question for the purpose of putting another question.

ശ്രീ. കെ. കൊച്ചുകുട്ടൻ: വണ്ടികൾ ഉപയോഗിക്കാൻ പാടില്ലെന്നു നിർബന്ധമുണ്ട്. അതിനു പുതിയ ഒരു നിയമത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ: ഇപ്പോഴത്തെ പഞ്ചായത്തു തെരഞ്ഞെടുപ്പു ചട്ടങ്ങളിൽ വണ്ടികഠം ഉപയോഗിക്കാൻപാടില്ലെന്നു പ്രത്യേകം നിബന്ധനയുണ്ടോ?

Mr. Speaker: Is there a provision in the Panchayat regulation to that effect?

ശ്രീ. കെ. കൊച്ചുകുട്ടൻ: വണ്ടികഠം ഉപയോഗിക്കാൻപാടില്ലെന്നു പ്രത്യേകം വ്യവസ്ഥയുണ്ട്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: പഞ്ചായത്തു തെരഞ്ഞെടുപ്പ് ഏപ്രിൽമാസത്തിൽ നടത്തുമെന്നു പറയുന്നു. വർഡ്‌വാർ ലിസ്റ്റ് ഗസററിൽ പരസ്യപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

Mr. Speaker: That may be referred to in the Government Gazette. It is published in the Gazette.

ശ്രീ. കുഞ്ഞിത്തൊമ്മൻ: തൃശ്ശൂർ ഡിസ്ട്രിക്ടിലെ വാർഡ്‌വാർ ലിസ്റ്റ് ഏതു ഗസററിലാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരു അസാധാരണ ഗസററമൂലം അവ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞാഴ്ചയിലാണെന്നു തോന്നുന്നു.

ശ്രീ. ഇ. പി. വർഗ്ഗീസ്: പഞ്ചായത്തുതെരഞ്ഞെടുപ്പു ശരിയായ രീതിയിൽ നടക്കണമെന്നുള്ള ആഗ്രഹമുള്ളതുകൊണ്ട് പൊതു തെരഞ്ഞെടുപ്പിനു ഉപയോഗിച്ച എല്ലാ നിയമങ്ങളും ഈ തെരഞ്ഞെടുപ്പിലും ഉപയോഗിച്ചുകൂടെ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പൊതു തെരഞ്ഞെടുപ്പിൽ സ്വീകരിച്ചിട്ടുള്ള എല്ലാ നിയമങ്ങളും ഈ തെരഞ്ഞെടുപ്പിൽ സ്വീകരിക്കണമെന്നു തോന്നുന്നില്ല.

ശ്രീ. പി. ടി. കേശവൻശാസ്ത്രി: വാർഡുകഠം വിഭജനക്കയ്യിൽ ഉണ്ടായിട്ടുള്ള പരാതികളെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അന്വേഷണം നടത്തിയിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: വാർഡുവിഭജനത്തിൽ ഉണ്ടാകുന്ന പരാതികളെ പരിഹരിക്കാൻതക്കവണ്ണം അവയിലെ ആഫീസറന്മാർക്ക് അതായതു്, തെരഞ്ഞെടുപ്പുആഫീസറന്മാർക്ക് വേണ്ട നിർദ്ദേശങ്ങഠം നൽകിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പരാതികഠം ഉണ്ടാകാതിരിക്കാൻവേണ്ടി വളരെ കർശനമായ നിർദ്ദേശങ്ങഠം നൽകിയിട്ടുണ്ട്.

ശ്രീ. ടി. എസ്. രാമസ്വാമി: വാർഡുകളുടെ വിഭജനത്തിനുശേഷം അബ്ജക്ഷൻ കാഠംഫോർ ചെയ്തിട്ടുണ്ടോ?

Mr. Speaker: I don't wan't to prevent this question. How is that Relevant ?

ശ്രീ. ടി എസ്. രാമസ്വാമി : ഒബ്ജക്ഷൻ കാറം ഫോർ ചെയ്യുന്ന ഒരേർപ്പാടുണ്ടു്. അതുകൊണ്ടാണു് ചോദിച്ചതു്.

Mr. Speaker: These are matters published in the Government Gazette.

ஸ்ரீ. ஸி. சங்கர் : வோட்டர்கள் பாலட் பேப்பரை பாலட் பாக்ஸில் போடாமல் வெளியில் கொண்டுவந்து விற்பதைத் தடுக்க சர்க்கார் உத்தேசித்திருக்கிறதா?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ കാര്യം ഈ ചോദ്യത്തിൽ നിന്നും ഉദിക്കുന്നില്ല.

പീച്ചി, ചാലക്കുടി പദ്ധതികൾ.

* ൭൦. [൫൦] ശ്രീ. വാറുണ്ണി പുളിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീച്ചി, ചാലക്കുടി ഈ ജലസേചനപദ്ധതികളിൽ ഉള്ള തോടുപണി മന്ദീഭവിക്കേണ്ടിവന്നിട്ടുണ്ടെന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ആരംഭകാലത്തു് ഉദ്ദേശിച്ചിരുന്ന (Original Schedule time) സമയത്തിനുള്ളിൽ കനാൽ സെക്ഷൻ പണികൾ തീരുമെന്നു ഇപ്പോൾ ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്.
(ബി) ഇല്ല.

ശ്രീ വാറുണ്ണി പുളിക്കൽ : പീച്ചി, ചാലക്കുടി ഈ ജലസേചന പദ്ധതികളിൽ ഉള്ള തോടുകളുടെ പണികൾക്കായി പ്രത്യേകം ഓഫീസറന്മാരെ നിയമിച്ചിട്ടില്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : നിയമിച്ചിട്ടുണ്ടു്.

ശ്രീ. വാറുണ്ണി പുളിക്കൽ : അങ്ങിനെയാണെങ്കിൽ ഈ തോടുകളുടെ പണി പൂർത്തിയാക്കാൻ ഇത്രത്തോളം കാലതാമസം ഉണ്ടാകുന്നതിൻെറ കാരണമെന്താണു്?

ശ്രീ. കളത്തിൽ വേലായുധൻനായർ : സാധാരണയായി പുതുതായിട്ടു തോടുകൾ വെട്ടണമെന്നുദ്ദേശിക്കുമ്പോൾ സ്ഥലങ്ങൾ അളന്നു പൊന്നുംവില നിശ്ചയിച്ചു എടുക്കേണ്ടതുണ്ടു്. ആ സ്ഥലങ്ങളുടെ എല്ലാ വിവരങ്ങളും ശേഖരിച്ചതിനുമേൽ വേണം പൊന്നുംവില കൊടുത്തു് എടുക്കേണ്ടതു്. അല്പസ്വല്പം താമസം വന്നുപോയേക്കാം, ചാലക്കുടിയിൽ അല്പം താമസം തോടുവെട്ടുന്ന കാര്യത്തിൽ വന്നുപോയിട്ടുണ്ടു്. അവ മാററുന്നതിനു് വേണ്ട ഏർപ്പാടുകൾ ഗവണ്മെൻറു ഉടനടി ചെയ്യുന്നതായിരിക്കും.

ശ്രീ. വാറുണ്ണി പുളിക്കൽ: പൊന്നുംവിലയ്ക്കു് സ്ഥലം എടുത്ത വകയിൽ ഗവണ്മെന്റിൽ നിന്നും പണം കൊടുത്തുതീർക്കാത്തതു് എന്തു കാരണത്താലാണെന്നു പറയാമോ:

ശ്രീ. കളത്തിൽ വേലായുധൻ നായർ: കളക്ടരുടെ റിപ്പോർട്ടിന്മേലാണു് പൊന്നുംവിലയ്ക്കു് എടുക്കുന്ന സ്ഥലത്തിന്റെ സംഖ്യ കൊടുത്തുവരുന്നതു്. ചിലപ്പോൾ വിവരങ്ങൾ ശേഖരിച്ചു് റിപ്പോർട്ടയയ്ക്കാൻ താമസം ഉണ്ടായേക്കാം. അതു നിവൃത്തിയുള്ളിടത്തോളം പരിഹരിക്കാൻ നോക്കാം.

ശ്രീ. വാറുണ്ണി പുളിക്കൽ: കോടിക്കണക്കിനു് രൂപാ അണകെട്ടാൻ വേണ്ടി വിനിയോഗിക്കുമ്പോൾ അവയ്ക്കുവേണ്ടി എടുത്ത സ്ഥലത്തിനു് ആയിരക്കണക്കിനെങ്കിലും രൂപാ കൊടുക്കാൻ ഗവണ്മെന്റ് എന്താണിത്ര മടിക്കുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഗവണ്മെന്റ് പണം കൊടുക്കാൻ മടിക്കുകയല്ല ചെയ്യുന്നതു്? പൊന്നുംവില തിട്ടപ്പെടുത്തുകയും പണം കൊടുക്കുന്നതിനു ശുപാർശ ചെയ്യുകയും മററും ചെയ്യുന്നതു കളക്ടറാണു്.

ശ്രീ. വാറുണ്ണി പുളിക്കൽ: പണം കൊടുക്കാൻ താമസിച്ചാൽ ആ പണത്തിന്റെ പലിശയ്ക്കു് ഉത്തരവാദി ആരാണു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: കളക്ടരുടെ വീഴ്ചകൊണ്ടു് കാലതാമസം നേരിടുന്നു എന്നു കണ്ടാൽ ആ പലിശ ആ ഉദ്യോഗസ്ഥൻ തന്നെ കൊടുക്കേണ്ടതാണു്.

ശ്രീ. വാറുണ്ണി പുളിക്കൽ: പൊന്നുംവിലയ്ക്കു് എടുത്ത സ്ഥലങ്ങളെപ്പററിയുള്ള കേസുകൾ യാതൊരു തീരുമാനവും ഉണ്ടാകാതെ വളരെ നാളായി കോടതിയിൽ കിടക്കുന്നു എന്നുള്ള വിവരം അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ആ കേസുകളെ സംബന്ധിച്ചു് പെട്ടെന്നൊരു തീരുമാനം ഉണ്ടാക്കണമെന്നു ഗവണ്മെന്റിൽ നിന്നും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്.

ശ്രീ. എ. കെ. ചെല്ലയ്യാ: നെയ്യാററിൻകര ലാൻഡ് അക്വിസിഷൻ കഴിഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ കനാൽ വെട്ടുന്ന ജോലി പൂർത്തിയാക്കുവാനുള്ള വല്ല പദ്ധതികളും ഉണ്ടോ?

Mr. Speaker: This question refers to the Chalakudi scheme and the supplementary question must have a bearing on it.

ശ്രീ. കുഞ്ഞിത്തൊമ്മൻ: ലാൻഡ് അക്വിസിഷൻ കഴിഞ്ഞിട്ടും കനാൽ വെട്ടാതിരിക്കുന്നതിന്റെ കാലതാമസത്തെപ്പററി അന്വേഷിക്കാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിലേക്കു് ഒരു പ്രത്യേക ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. എ. താണുപിള്ള: കാലതാമസം വരുമെന്നു പറഞ്ഞതു് പ്രാരംഭകാലത്തു് ഉദ്ദേശിച്ചിരുന്ന സമയത്തേക്കാൾ എത്ര കാലംകൂടി വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ലാൻഡ് അക്വിസിഷൻ മുഴുവനാകാത്ത ജോലികൾക്കു് ഉദ്ദേശിച്ചിരുന്നതിലും കൂടുതൽ സമയം വേണ്ടിവരും.

Checking Stations.

❋ 51. [11] **Shri R. Kesava Pillai :** Will the Minister for Transport be pleased to state :

(*a*) The number of checking stations in the Quilon-Alleppey route ; and

(*b*) the criterion for establishing checking stations ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) **:**

(*a*) Six.

(*b*) To control overloading and to regulate proper operation of bus services according to the timings scheduled, motor checking stations are opened at starting and terminating points.

ശ്രീ. ആർ. കേശവപിള്ള: ആറെണ്ണം ഉണ്ടെന്നു പറഞ്ഞതു് ഏതെല്ലാമാണു്?

Shri Kalathil Velayudhan Nair : They are:

Chinnakada (Quilon)
Chavara
Karunagapalli
Kayankulam
Haripad, and
Punnappra

Mr. Speaker : Next question.

തോട്ടപ്പള്ളി സ്പിൽവേ നിർമ്മാണം.

❋ ൫൨. [൧൨] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) തോട്ടപ്പള്ളിയിലെ സ്പിൽവേ പണിക്കു് ഷെൽസ് വാങ്ങുന്നതിലും മററും കൺട്രാക്ററർ കൃത്രിമങ്ങൾ കാണിക്കുന്നുണ്ടെന്ന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പൈലുകൾ ഉപയോജ്യമാണോ അല്ലയോ എന്നു പരീക്ഷിച്ചറിയുവാൻ വിദഗ്ദ്ധന്മാർ എന്തെങ്കിലും മാനദണ്ഡം വച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ ടെസ്റ്റ് എന്താണ്;

(ഡി) അതനുസരിച്ച് പരിശോധിച്ച് തൃപ്തികരമാണെന്നു കണ്ടിട്ടാണോ പൈലുകൾ അവിടെ സ്ഥാപിച്ചിട്ടുള്ളത്;

(ഇ) ഇതുവരെ (൨൭-൨-൫൩) യായി എത്ര പൈലുകൾ അവിടെ സ്ഥാപിച്ചു കഴിഞ്ഞു?

മരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ: (എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഓരോ പൈലും അതു് ഉപയോഗിക്കാനുള്ള സ്ഥാനത്ത് അടിച്ചു നോക്കിയിട്ട് എത്ര ഭാരം താങ്ങേണ്ടതാണോ അത്രയും ഭാരം അതിന്റെ മുകളിൽ കയററിനോക്കി ആ പൈൽ അടിച്ചിരിക്കുന്ന സ്ഥാനത്തുനിന്നും താഴുന്നുണ്ടോ ഇല്ലയോ എന്നു നോക്കുക.

(ഡി) അതേ.

(ഇ) ൧൨൪ പൈലുകൾ പലനിരപ്പിലായി സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: അവിടെ ചെയ്തിട്ടുള്ള ജോലികൾ തൃപ്തികരമായിട്ടില്ലെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവിടെ നടത്തിട്ടുള്ള പണികൾ ഒന്നും തന്നെ തൃപ്തികരമല്ലെന്നു് തോന്നിയിട്ടില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: പൈലുകൾ അടിച്ചിട്ടുള്ളതിൽ ചിലതു കേടുവന്നിട്ടുള്ളതു് എന്തു കാരണത്താലാണെന്ന് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഓരോ പൈലും അതുപയോഗിക്കേണ്ട സ്ഥാനത്തു് അടിക്കുമ്പോൾ അതു എത്ര ഭാരം കയററാവുന്നതാണെന്നു നോക്കിയാണ് സ്ഥാപിച്ചിട്ടുള്ളതു്. കൂടുതൽ ഭാരം കയററിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള പൈലുകൾ വളഞ്ഞുപോയിട്ടുണ്ടായിരിക്കും. അല്ലാത്തതൊന്നും വളയുകയില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഓരോന്നും ഇത്ര ചാക്ക മണൽവെച്ചാൽ വളയരുതെന്ന വല്ല കണക്കമുള്ളതായി പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇതു് അടിച്ചുതാഴ്ത്തുന്ന പൈൽസിനെ സംബന്ധിച്ചാണ് ചോദിച്ചിട്ടുള്ളതു്. അതിൽ താങ്ങേണ്ട ഭാരം മുഴുവൻ കയററിനോക്കി അടിച്ചിരിക്കുന്ന സ്ഥാനത്തുനിന്നു താഴുന്നുണ്ടോയെന്നു പരിശോധിച്ചാണു സ്ഥാപിച്ചിട്ടുള്ളതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഈ ജോലികൾ കുറെക്കൂടി നിഷ്കർഷയായി ചെയ്യിക്കുന്നതിനു ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വളരെ ശ്രദ്ധിച്ചിട്ടുണ്ടു്. ശ്രദ്ധിക്കുന്നുമുണ്ടു്.

ശ്രീ. കെ. കെ. കുമാരപിള്ള: പൈലുകൾ അടിച്ചുതാഴ്ത്തുമ്പോൾ സമനിരപ്പു ശരിയാക്കുവാനുള്ള—

Mr. Speaker: Every one seems to be an Engineer.

Shri K. K. Kumara Pillai: That is an important point which I want to bring to the notice of the House and hence my question.

ഇതിലേതെങ്കിലും പൊട്ടിപ്പോയിട്ടുള്ളതായി ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അന്വേഷണത്തിൽ അങ്ങനെ പൊട്ടിപ്പോയിട്ടില്ലെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. കെ. കെ. കുമാരപിള്ള: ഏതെങ്കിലും ഒരെണ്ണം പൊട്ടിയിട്ടുണ്ടെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ചോദ്യം അയച്ച ബഹുമാനപ്പെട്ട മെംബറോടു തന്നെ പൊട്ടിയതു ഏതാണെന്നു ഒന്നു കാണിച്ചുതരുവാൻ ആവശ്യപ്പെട്ടിട്ടു അതു കാണിച്ചുതരുവാൻ അദ്ദേഹത്തിനു സാധിച്ചില്ല.

Mr. Speaker: Evidently the hon. Member is trying the extent of the Minister's knowledge in these technical matters. Anyway for the present the purpose of the question is already served. Next question.

തോട്ടപ്പള്ളി സ്പിൽവേ.

*൩൭. [൧൭] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തും ഗതാഗതവും വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേ പണി സംബന്ധിച്ചു് കേന്ദ്ര ഗവണ്മെൻറിൽനിന്നും എന്തെങ്കിലും തുക സബ്സിഡിയായി തരാമെന്നു ഏററിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആകെ എത്ര രൂപാ;

(സി) അതിൽ എത്രമാത്രം കിട്ടിക്കഴിഞ്ഞു;

(ഡി) ഈ പണിസംബന്ധിച്ചു് തിരുവിതാംകൂർ-കൊച്ചി സ്റേററു് ഗവണ്മെൻറു് ചിലവാക്കുന്ന തുകയുടെ പങ്കു് (ഷെയർ) എന്തു്?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ-ബി) തോട്ടപ്പള്ളി സ്പിൽവേ പണി ൧൧൩൦–൩൧-ൽ

[ശ്രീ. കളത്തിൽ വേലായുധൻ നായർ]

ആരംഭിച്ച "വേമ്പനാടൻ പദ്ധതി"യുടെ ഒരു ഭാഗമാണ്. ഈ പദ്ധതി ഒരു കൃഷി വികസനപദ്ധതിയായി ൧൧൨൫-൨൬-ൽ കേന്ദ്രഗവണ്മെന്റ് അംഗീകരിക്കുകയും, തന്നാണ്ടേക്ക് സബ്സിഡിയായി ൧.൫ ലക്ഷം രൂപാ അനുവദിക്കുകയും ചെയ്തു. ഈ തുക തന്നാണ്ടത്തെ ചിലവിന്റെ ഏകദേശം പകുതി കണക്കാക്കി അനുവദിച്ചിട്ടുള്ളതാണ്.

(സി) ൧൧൨൬-൨൭-ൽ പ്രസ്തുത പദ്ധതിക്ക് മൊത്തം ൭൨.൧ ലക്ഷം രൂപാ ചിലവായി. ആ കണക്കനുസരിച്ച് ഉദ്ദേശം ൩൬.൫ ലക്ഷം രൂപാ കേന്ദ്രത്തിൽനിന്നും സബ്സിഡിക്ക് അർഹതയുണ്ട്. ഈ തുക സ്റ്റേറ്റ് അക്കൗണ്ടിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(ഡി) ഈ പണിക്ക് (തണ്ണീർമുക്കം ബണ്ട് ഉൾപ്പടെയുള്ള) മൊത്തം ൧൦ ലക്ഷം രൂപാ ചിലവാകുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ൧൧൨൭-൨൮ മുതൽ ഈ പണി സ്റ്റേറ്റിലെ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. തൽസംബന്ധമായി ഈ പണിക്ക് ലഭ്യമാകാവുന്ന കേന്ദ്രധനസഹായം ക്ലിപ്തപ്പെടുത്തപ്പെട്ടിട്ടില്ല. അതുകൊണ്ട് സ്റ്റേറ്റ് ചിലവാക്കുന്ന ഷെയർ ഇപ്പോൾ കണക്കാക്കാൻ നിവർത്തിയില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോറ്റി: എത്രകൊല്ലം കൊണ്ടു ഈ പണി അവസാനിപ്പിക്കാമെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ സ്കീം പണി വേമ്പനാടൻപദ്ധതിയിൽപെട്ടതായതുകൊണ്ടു മൂന്നുകൊല്ലംകൊണ്ടു പൂർത്തിയാകുമെന്നാണു വിചാരിക്കുന്നത്.

ശ്രീ. എ. താണുപിള്ള: പഞ്ചവത്സരപദ്ധതിയുടെ ചെലവുകളിൽ ഒരംശം ഇൻഡ്യാഗവണ്മെന്റ് തരാമെന്നു പറഞ്ഞിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അവർ ഗ്രാന്റുചെയ്തിട്ടുള്ള പദ്ധതികളുടെ ചെലവിനുള്ള ഒരംശം, ഏതാണ്ടു ൫൦ ശതമാനം കിട്ടുമെന്നാണു വിശ്വസിക്കുന്നത്. ഇതിനുമുമ്പുള്ള വർഷത്തെ ചിലവിനു കേന്ദ്രഗവണ്മെന്റിൽനിന്നും സംഖ്യ തന്നിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: അങ്ങനെ എല്ലാകൊല്ലവും തരാമെന്നു അവർ സമ്മതിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെ കരാറൊന്നും ഉണ്ടായിട്ടില്ല.

Difficulty of Patients.

✱ 54. [14] **Shri A. Samraj**: Will the Minister for Medicine be pleased to state :

(*a*) whether the Government is aware of the difficulty of patients to get medicines containing Alcohol despite certificate of outstanding private doctors in prohibition areas ;

(*b*) whether the Government is aware of free unlicensed sale of coloured arrack in the bazaar of Nagercoil ;

(*c*) are the Government aware that this arrack is purchased by wholesalers from the Travancore Sugars & Chemicals Distillery near Pamba river and sent to the prohibition areas after adding colour and essences ; and

(*d*) will the Government take steps to stop immediately this sale of liquor in prohibition areas ?

Minister for Medicine and Public Health (**Shri V. Madhavan**) :

(*a*) No.

(*b*) No.

(*c*) No.

(*d*) Government have already taken effective steps to stop such sales.

Housing Scheme.

* 55 [15] **Shri A. Samraj :** Will the Minister for Local Self-Government be pleased to state :

(*a*) the number of colonisation and housing schemes, for the Backward Communities started in the financial year of 1952-53 in South Travancore ; and

(*b*) the amount spent during the above financial year for the above schemes in the State ?

Minister for Local Self-Government (**Shri K. Kochukuttan**):

(*a*) One.

(*b*) Rs. 19,665-10-0.

Voting strength in Municipal wards.

*56. (16) **Sri E. P. Varghese :** Will the Minister for Local Self-Government be pleased to state :

(*a*) whether there is any difference in the voting strength of the wards in the municipalities in Travancore area and Cochin area ; and

(*b*) what is the maximum number of voters in a ward in the municipalities in Travancore and in the Cochin area ?

Minister for Local Self-Government (**Shri K. Kochukuttan**):

(*a*) No.

(*b*) The maximum number of voters in a single member ward in Cohin area is 1290 in Ward No. 11 of the Mattancherry Municipality. The maximum number of voters in a single member ward is 2537, in Ward No. 29 of the Corporation of Trivandrum. The maximum number of voters in a single member ward in Travancore area is 2265, in Ward No. 31 of the Alleppey Municipality.

ശ്രീ. ഈ. പി. വറുഗീസ്: വോട്ടേഴ്സിന്റെ ലിസ്റ്റിൽ ചില വ്യത്യാസങ്ങൾ കാണുന്നുണ്ട്. അതിനുള്ള കാരണമെന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ള മുനിസിപ്പാലിററികളിൽ ഏററവും കൂടുതൽ വോട്ടർമാരുള്ള വാർഡുകളുടെ കാര്യമാണ് പറഞ്ഞതു്. എല്ലായിടത്തും ഇതുമാതിരിയുള്ളവ്യത്യാസമില്ല. അപൂർവ്വം ചിലയിടങ്ങളിൽ ഇങ്ങിനെ ഉണ്ടായിട്ടുണ്ട്. ജനങ്ങൾ ഇടതിങ്ങി താമസിക്കുന്നിടത്തു് വാർഡു വിഭജനത്തിൽ Natural Boundaries-ന്റെ പരിഗണന വേണ്ടിവരികയാൽ ഇതു സംഭവിച്ചിട്ടുള്ളതാണ്.

കുഴൽ കിണറുകൾ.

*൫൧. [എ ൧] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൮-൨൯ ബഡ്ജററു വർഷത്തിൽ എത്ര കുഴൽ കിണറുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നു;

(ബി) എവിടെയൊക്കെ;

(സി) അതിൽ ഏതെല്ലാം സ്ഥലത്തു പണി പൂർത്തിയായി;

(ഡി) എവിടെയൊക്കെ പണി നടന്നു വരുന്നു;

(ഇ) തുടർന്നു, ൧൧൨൯-൩൦-ാം വർഷത്തിൽ ഏതെല്ലാം സ്ഥലത്തു സ്ഥാപിക്കുവാനാണുദ്ദേശിക്കുന്നതു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽവേലായുധൻ നായർ):

(എ) ൫ (അഞ്ച്).

(ബി) മഹാദേവിക്കാട്, പൊന്മന, തറയിൽക്കടവ് വടക്കും തെക്കും, പുറക്കാട്, പല്ലന.

(സി) മഹാദേവിക്കാട്, പൊന്മന.

(ഡി) തറയിൽക്കടവ് വടക്കും തെക്കും.

(ഇ) കനകക്കുന്ന്, കള്ളിക്കാട്, മൺറോത്തുരുത്തു്, കായംകുളം, കുമരകം, കൈനകരി, അഴീക്കൽ, പണ്ടാരത്തുരുത്തു്, ആലപ്പാട്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: കഴിഞ്ഞകൊല്ലം തീരുമാനിച്ച കുഴൽ കിണറുകൾ ഇതുവരെ ചെയ്തുതീർക്കാഞ്ഞതു എന്തുകൊണ്ടാണ്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു തീർക്കാതെയിരിക്കുന്നില്ല. ചിലപ്പോൾ വല്ല തടസ്ഥവുമുണ്ടെങ്കിൽ അതു നീക്കി ഈ കൊല്ലം തന്നെ തീർത്തു വെന്നുവരാം.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിന് ചെയ്തുവരുന്ന ജോലികൾ തീരെ കാര്യക്ഷമമല്ലെന്ന് ഗവണ്മെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് കൂടുതൽ കാര്യക്ഷമമാക്കുവാൻ ഉള്ള ആലോചനയുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: ചില കുഴൽകിണറുകളിൽ വെള്ളം ഇല്ലെന്നുള്ള വിവരം ഗവണ്മെന്റിനു അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞുകൂട.

ട്രാൻസ്പോർട്ട് സർവ്വീസു നടത്തുന്ന റോഡുകൾ.

✻ ൫൮. [൧൮] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ഏതെല്ലാം റൂട്ടുകളിലായി മൊത്തം എത്ര മൈൽ ദൂരം, സ്റ്റേററ് ട്രാൻസ്പോർട്ട സർവ്വീസ് മൊണോപ്പൊളൈസ് ചെയ്തിട്ടുണ്ടു്;

(ബി) ഈ റൂട്ടുകളിൽ മൊത്തം എത്ര മൈൽ റോഡു്, പ്രൈവററ സർവ്വീസുകൾ ഓവർലാപ്പു ചെയ്യുവാൻ അനുവദിച്ചിട്ടുണ്ടു്;

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) തിരുവനന്തപുരം—കന്യാകുമാരി, തിരുവനന്തപുരം—കൊട്ടാരക്കര, കോട്ടയം—ആലുവാ, തിരുവനന്തപുരം—കൊല്ലം, ആലപ്പുഴ—അരൂർ, തിരുവനന്തപുരം—ചെങ്കോട്ട, നാഗർകോവിൽ—കുളച്ചൽ, നാഗർകോവിൽ—അഴകിയപാണ്ടിപുരം, നാഗർകോവിൽ—അഞ്ചുഗ്രാമം, തിരുവനന്തപുരം—പൂവാർ വിഴിഞ്ഞം, തിരുവനന്തപുരം—മൂവാററുപുഴ—എറണാകുളം, തിരുവനന്തപുരം സിററി സർവ്വീസ് ആദിയായ വയിലായി ൩൩൦ മൈലോളം മൊണോപ്പൊളൈസ് ചെയ്തിട്ടുണ്ടു്.

(ബി) ആകെ ൩൫൦ മൈൽ.

Timber for hospitals.

✻ 59. [19] **Shri O. C. Nainan**: Will the Minister for Medicine be pleased state:

(*a*) is the Government giving timber for the construction of hospitals;

(*b*) is the timber given free of cost or at concessional rate;

(*c*) what is the concession given;

(*d*) for how many hospitals applications for timber have been received by the Government during the current financial year;

(*e*) how many of such applications have been sanctioned by the Government ; and

(*f*) how many of such applications are pending for more than six months?

Minister for Medicine and Public Health **(Shri V. Madhavan)**:

(*a*) Not generally, but individual applications are considered on their merits.

(*b*) The timber is given free of cost or at concessional rate according to the merit of each case.

(*c*) The timber is given at the concessional rates of seigniorage plus working charges at the depot of supply and at tariff rates according to merits.

(*d*) Three.

(*e*) One.

(*f*) Nil.

Grow More Food.

* 60 [20] **Shri O. C. Nainan**: Will the Minister for Works be pleased to state:

(*a*) what is the total amount of grant received by the Government from the Central Government under the G. M. F. during the current year;

(*b*) what is the total amount spent so far during the current financial year;

(*c*) what are the works for which the amount has been spent;

(*d*) what is the total amount spent by the Government under G. M. F. through Electrical Department and for what all works during the current year;

(*e*) why is it that the Palavayil and Kizhuvaipur G. M. F. Scheme is not completed during the current year;

(*f*) was any change made for the line in that work during the current year; if so, why; who made that proposal?

Chief Minister **(Shri A. J. John)**:

(*a*) No amount has been received. A sum of Rs. 12,31,775 has, however, been sanctioned.

(*b*) From 1-4-1952 to 30-9-1952 a sum of Rs. 11,57, 273 has been spent.

(*c*) 1. Reclamation of Karilands,
2. Sinking of wells,
3. Green manuring,
4. Publicity and propaganda,
5. Punja cultivation,
6. Minor irrigation works,

7. Muvattupuzha river diversion scheme,
8. Thikkanamcod Channel,
9. Kambalathara Eri,
10. Kole Water Storage,
11. Compost development, and
12. Seed multiplication.

(*d*) Till December 1952 a sum of Rs. 6, 91, 097 has been spent by the Electrical Department. The statement showing the schemes for which the amount was spent is not ready.

(*e*) Because the investigation is not yet over.

(*f*) No.

Extension of Transport lines.

※ 61 [21] **Shri O. C. Nainan:** Will the Minister for Transport be pleased to state:

(*a*) has the Government any idea of extending the Transport services to other lines; and

(*b*) what are the new lines the Government propose to take?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Yes.

(*b*) Not yet decided.

ശ്രീ. ഒ. സി. നൈനാൻ: ഏതെല്ലാം സ്ഥലങ്ങളിലാണ് എക്സ്റ്റൻഡ് ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എറണാകുളം ലൈൻ എടുക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. ഒ. സി. നൈനാൻ: ഉദ്ദേശം എത്ര മൈൽ എടുക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ലൈൻ തീരുമാനിച്ചതിനു ശേഷമേ എത്ര മൈൽ എന്നു പറയുവാൻ തരമുള്ളൂ.

WRITTCN ANSWERS

Harijan Colonies

※ 62 [22] **Shri A. Samraj:** Will the Minister for Local self-Government be pleased to state:

(*a*) the total number of Harijan Colonies in the whole State and in Trivandrum Division;

(*b*) the Colonies built in the Trivandrum Division; and

(*c*) how many in Thovala and Agasteeswaram taluks?

Minister for Local Self-Government **(Shri K. Kochukuttan):**

(*a*) 66 in the whole state and 6 in Trivandrum Division.

(*b*) Narikulam, Aramboly, Pakode, Venganoor, Anchamada and Parandode.

(*c*) Two.

Construction of Houses for Scheduled Castes

* 63. [23] **Shri A. Samraj**: Will the Minister for Local Self-Government be pleased to state:

(*a*) in the five year plan, is there any scheme for the construction of houses for scheduled castes people in the State and especially in the Taluks of Thovala, Agasteeswaram, Kalkulam and Vilavancode: and

(*b*) whether the Commissioner for the Advancement of Backward Communities has prepared it?

Minister for Local Self-Government **(Shri K. Kuchukuttan):**

(*a*) In the Five Year Plan there is a scheme for the Construction of houses for the Scheduled Castes. But the particular taluks in which the scheme is to be implemented, have not been specified.

(*b*) Yes.

மதுவிலக்கு

* *64 (25) ஸ்ரீ. வி. சங்கர்: கீழ் காணும் வினுக்களுக்கு கலால் வகுப்பு மந்திரி அவர்கள் விடை பகர்வார்களாக:*

(எ) சமஸ்தானத்தில் மதுவிலக்கு அமுலிலிருக்கும் பிரதேசங்களில் கழிந்த 1951, 1952-லும் முறையே போலீஸார் கண்டு பிடித்த மதுவிலக்கு குற்றங்கள் எத்தனை? கலால் இலாகாவினர் கண்டுபிடித்த குற்றங்கள் எத்தனை;

(பி) திருவனந்தபுரம் நகரத்திலும், நாகர்கோவில், தக்கலை, குழித்துறை, நெய்யாற்றின்கரை முதலிய முனிசிப்பல் பட்டணங்களிலும் 1952-ல் கண்டுபிடிக்கப்பட்ட குற்றங்கள் எத்தனை;

(ஸி) இந்த நடப்பு வருஷத்தில் மேலும் மதுவிலக்கை விஸ்தரிக்கும் நோக்கம் சர்க்காருக்கு உண்டா;

(டி) உண்டாயின், எந்தத் தாலுக்காகளில் விஸ்தரிக்கும்?

Minister for Medicine and Public Health **(Shri V. Madhavan):**

(*a*) the number of Prohibition cases

detected in 1951 by Police			.. 35
do.	do	by Excise	.. 1063
do.	in 1952 by Police		.. 38
do.	do.	by Excise	.. 1150

(*b*) The number of Prohibition cases detected in 1952 from

		Trivandrum City	..	38
do.	do.	Nagercoil Town	..	42
do.	do.	Thuckalai	..	1
do.	do.	Kuzhithurai	..	1
do.	do.	Neyyattinkara	...	11

(*c*) No.

(*d*) This does not arise in view of the answer to part (*c*) above.

രോഗികളുടെ സത്യാഗ്രഹസമരം.

* ൬൫. [ഫ ൧] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കൊരട്ടി കുഷ്ഠരോഗാശുപത്രിയിലെ ഏതാനും രോഗികൾ ൧൯-൫-൫൩ മുതൽ ഒരു സത്യാഗ്രഹസമരം നടത്തിയതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സത്യാഗ്രഹത്തിനുള്ള കാരണം എന്താണെന്നു് ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ;

(സി) കുഷ്ഠരോഗികളുടെ അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ടു്.
(ബി) ഉണ്ടു്.
(സി) ഉണ്ടു്.

കുഷ്ഠരോഗാശുപത്രിക്കുള്ള ഗ്രാൻറ്.

* ൬൬. [ഫ ൨] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കൊരട്ടി കുഷ്ഠരോഗാശുപത്രിക്ക് ഗവണ്മെൻറിൽനിന്നും കൊല്ലംതോറും കൊടുക്കുന്ന ഗ്രാൻറ് എത്ര രൂപയാണു്;

(ബി) ഈ സംഖ്യ മുഴുവൻ അവിടത്തെ രോഗികളുടെ ആവശ്യത്തിനുവേണ്ടി വിനിയോഗിക്കുന്നില്ലെന്നുള്ള പരാതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു സംബന്ധിച്ചു് ഗവണ്മെൻറ് എന്തെങ്കിലും അന്വേഷണം നടത്തിയോ;

(ഡി) നടത്തിയിട്ടുണ്ടെങ്കിൽ അതിൻെറ ഫലം എന്താണു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ൧,൨൫,൩൩൦ രൂപ.

(ബി) ഉണ്ട്.

(സി) അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) ആ പരാതിക്ക് യാതൊരു തെളിവും ഇല്ല.

Kottayam-Kumili Road.

❋ 67 [29] **Dr. P. T. Thomas:** Will the Minister for Works & Transport be pleased to state:

(*a*) Whether it is a fact that the Kottayam-Kumili road is in a state of disregard;

(*b*) if so, what action has been taken;

(*c*) whether Government propose improving this road by necessary repairs; and

(*d*) if so, when?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) No.

(*b*) The question does not arise.

(*c*) The question of special surfacing the road is engaging the attention of Government.

(*d*) When funds become available.

ഭവനനിർമ്മാണം.

❋ ൬൮. [൩൦] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഭവനനിർമ്മാണത്തിന് എന്തു പദ്ധതിയാണ് ഉള്ളത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

തീരപ്രദേശങ്ങളിലെ വീടും, സ്ഥലവും ഇല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഗവണ്മെൻറിൻെറ ഭവനനിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

Fee concessions to backward class Christians.

❋ 69. (31) **Shri O. C. Ninan:** Will the Minister for Local Self-Government be pleased to state:

(*a*) is there any difference in the matter of fee concessions and other helps such as boarding and books between schedule castes, schedule tribes and depressed class Christians;

(*b*) what is the difference ; and

(*c*) what is the reason for the difference ?

Minister for Local Self-Government **(Shri K. Kochukuttan) :**

(*a*) Yes.

(*b*) The Christian converts are eligible for full fee concessions on production of the required poverty and community certificates. But they are not entitled to the other concessions granted to Hindu Scheduled Castes and Scheduled Tribes, *e. g.*, monthly stipends for boarding and lodging expenses and lump sum grants for purchase of books.

(*c*) The Christian converts are treated almost on a par with "Other Backward Communities." Hence they are not eligible for all the concessions granted to Hindu Scheduled Castes and Scheduled Tribes.

Backward Communities.

❋ 70. (32) **Shri Vasudevan Pillai :** Will the Minister for Harijan Uplift be pleased to state :

(*a*) whether Ezhavathi and Veluthedathu Nairs have been declared as backward communities ;

(*b*) whether any memorial has been received to include barbers also as a backward community ; and

(*c*) if so, whether any final order has been passed ?

Minister for Local Self-Government **(Shri K. Kochukuttan) :**

(*a*) Yes.

(*b*) Yes.

(*c*) Yes.

പ്രിവൻറീവ് ആഫീസർമാർ.

❋ ൧ എ. [൩൩] പരീതു് റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജനത്തിനുശേഷം തിരുവിതാംകൂർ-കൊച്ചിയിൽ എത്ര മൂന്നാംഗ്രേഡു് പ്രിവൻറീവ് ആഫീസറന്മാരെ റിവർട്ടു് ചെയ്തിട്ടുണ്ടു്;

(ബി) നാളിതുവരെ അതിൽ എത്രപേർക്കു് പ്രമോഷൻ നൽകിയിട്ടുണ്ടു്;

(സി) അടുത്ത സാമ്പത്തികവർഷത്തിൽ പ്രമോഷൻ കൊടുക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവരുടെ ഒരു ലിസ്റ്റു് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണവും ഉണ്ടെങ്കിൽ ആകെ എത്ര പേർക്കെന്നും;

(ഇ) മൂന്നാംഗ്രേഡ് പ്രിവൻറീവ് ആഫീസറന്മാരെ റിവർട്ട് ചെയ്തതിനാൽ ഒഴിവുവന്ന സ്ഥാനത്തിൽ ഇനിയും നിയമനം നടത്താതെയുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഉടനെ നിയമനം നടത്തുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തീയതിയായ ൧-൭-൪൯-നുശേഷം ചുങ്കം നിറുത്തലാക്കുകയും സെൻട്രൽ എക്സൈസ് കേന്ദ്ര ഗവണ്മെൻറ് ഏറെറടുക്കുകയും ചെയ്തതിൻെറ ഫലമായി ഒഴിവില്ലാത്തതു നിമിത്തം ൧൦൯ മൂന്നാംഗ്രേഡ് പ്രിവൻറീവ് ആഫീസറന്മാരെ റിവർട്ട് ചെയ്തിട്ടുണ്ട്.

(ബി) അതിൽ നാളിതുവരെ ൪൭ പേർക്ക് മൂന്നാംഗ്രേഡ് പ്രിവൻറീവ് ആഫീസറന്മാരായി പ്രമോഷൻ നൽകിയിട്ടുണ്ട്.

(സി) അടുത്ത സാമ്പത്തികവർഷത്തിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളെപ്പററി ഇപ്പോൾ കണക്കെടുത്തിട്ടില്ല. എന്നാൽ സീനിയാറിററി, പരീക്ഷായോഗ്യത മുതലായവയുടെ അടിസ്ഥാനത്തിലായിരിക്കും (അപ്പോഴപ്പോഴുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക്) ഉദ്യോഗകയററം കൊടുക്കുന്നതു്. പല ഗ്രേഡുകളിലുള്ള ഉദ്യോഗസിൽബന്ധികളുടെ ഗ്രഡേഷൻ ലിസ്ററം തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്.

(ഡി) സി-യുടെ ഉത്തരത്തിൻെറ അടിസ്ഥാനത്തിൽ ഈ പ്രശ്നം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ഇ-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ പ്രശ്നം ഉദിക്കുന്നില്ല.

UNSTARRED QUESTIONS

പുതിയ ആശുപത്രി.

൧൧. [൧] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കത്തു് ഒരു ആശുപത്രി സ്ഥാപിച്ചുകിട്ടണമെന്നുള്ള പൊതുജനങ്ങളുടെ ഒരു അപേക്ഷ ഗവണ്മെൻറിൽനിന്നും തള്ളിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്?

ഉത്തരം.

(എ) ഉണ്ട്.

(ബി) വക്കത്തുനിന്നും മൂന്നു മൈൽമാത്രം അകലെ ചിറയിൻകീഴ് ഒരു ഗവണ്മെൻറ് ആശുപത്രിയുള്ളതുകൊണ്ട്.

ആതുരശാലകൾ.

൧൨. [൨] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആതുരശാലകൾ പ്രൈവററു കെട്ടിടങ്ങളിൽ നടത്തുന്നുണ്ടോ;

(ബി) വക്കല ആയുർവ്വേദഡിസ്പെൻസറി സക്കാർവക കെട്ടിടത്തിലാക്കി കൂടുതൽ സജ്ജീകരണങ്ങളും ചെയ്യുന്നതിൽ ഗവണ്മെൻറ് അടിയന്തിരനടപടികളെടുക്കുമോ;

(സി) വക്കല ഗവണ്മെൻറ് ഡിസ്പെൻസറിയിൽ കൂടുതൽ കെട്ടിടങ്ങളും കെട്ടാൻ അനുവദിച്ചിട്ട് എത്ര വർഷമായി;

(ഡി) ഈ കെട്ടിടം ഉടൻ പൂർത്തിയാക്കുന്നതിനും, അവിടെ ഒരു ലേഡീഡാക്ടരെ നിയമിക്കുന്നതിനും അടിയന്തിരനടപടി എടുക്കുമോ?

ഉത്തരം.

(എ) സക്കാർ ആതുരശാലകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ ഗവണ്മെൻറ കെട്ടിടങ്ങളും ഇല്ലാത്തപക്ഷം പ്രൈവററകെട്ടിടങ്ങളും വാടകയ്ക്കെടുത്തു് നടത്താറുണ്ട്.

(ബി) വക്കല ആയുർവ്വേദഡിസ്പെൻസറി നടത്തുന്നതിനു് സക്കാർ കെട്ടിടം കിട്ടുമ്പോൾ അതിനെപ്പററി ആലോചിക്കാവുന്നതാണ്.

(സി) രണ്ടുകൊല്ലത്തിലധികമായി.

(ഡി) അവിടത്തെ പ്രസവവാർഡ്കെട്ടിടനിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതായിരിക്കും. ലേഡീഡാക്ടരെ നിയമിക്കേണ്ട ആവശ്യമില്ല.

Employment Exchange.

13. (3) **Shri K. Bhanu :** Will the Minister for Medicine and Public Health be pleased to state :

(*a*) how many persons got themselves registered in the Employment Exchange in our State in 1952 under :

(*i*) Skilled,

(*ii*) Semiskilled,

(*iii*) Unskilled.

(*b*) how much expenditure is being incurred on this Exchange:

(*i*) Recurring,

(*ii*) Non-recurring,

(*iii*) (1) Peons.

(2) Clerks, etc.

(3) Officers.

Answer:

(*a*)	*No. of persons who got themselves registered*	*No. of persons provided with employment*
	8314	809
	6383	198
	12719	1139

		Rs.	As.	Ps.
(b)	(i)	1,685	6	0
	(ii)	3,226	10	4
(iii)	(1)	2,853	5	0
	(2)	2,116	3	0
	(3)	6,432	10	0
		26,314	2	4

തോട്ടപ്പള്ളി സ്പിൽവേ.

൧൪. [൪] ശ്രീ. വെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേ പണി സംബന്ധിച്ച് എത്ര വ്യക്തികളാണ്, അല്ലെങ്കിൽ എത്ര സ്ഥാപനങ്ങളാണ് കാൺട്രാക്ട് എടുത്തിട്ടുള്ളത്;

(ബി) അവരുടെ പേരുവിവരവും, അവർ ഉടമ്പടി എടുത്തിട്ടുള്ള പണികളും, ഓരോന്നിനും യഥാക്രമമുള്ള അടങ്കൽത്തുകയും ദയവുചെയ്തു പറയുമോ?

(സി) ഓരോ പണിയും എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്; ഓരോ കൺട്രാക്ടറും ആകെയുള്ളതിൽ എത്ര രൂപ വീതം പററി കഴിഞ്ഞിട്ടുണ്ട്;

(ഡി) ഈ പണി എന്നത്തേയ്ക്കു തീരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്?

ഉത്തരം.

(എ) കൺട്രാക്ടുകൾ എടുത്തിട്ടുള്ളത് മൂന്നു സ്ഥാപനങ്ങളും, നാലു വ്യക്തികളുമാകുന്നു.

(ബി) വിവരങ്ങൾ താഴെ കാണുന്നവയാണ്.

സ്ഥാപനങ്ങൾ

		വേലകൾ.	അടങ്കൽത്തുക.
(൧)	മെസേർ ആൻറ് കമ്പനി ക്ലിപ്തം, എറണാകുളം.	തോട്ടപ്പള്ളി ചീപ്പിനു തോടിന്റെ ഇരുവശങ്ങളിൽ കരിങ്കൽ പണി.	൨,൭൨,൯൭൯ രൂപ
(൨)	ബ്രണ്ടൻ ആൻറ് കമ്പനി ഇൻജിനിയേഴ്സ്, ക്ലിപ്തം, കൊച്ചി.	ചീപ്പും, പാലവും, ഏപ്രണും പണികൾ.	൨൦,൬൯,൨൩൪ ,,
(൩)	ബേബി മിൽസ് ക്ലിപ്തം, ആലപ്പുഴ.	കുടിക്കാനുള്ള ജലവിതരണജോലികൾ.	൧൨,൨൫൦ ,,

വ്യക്തികൾ.

(൧)	കെ. സി. ചെറിയാൻ, കൺട്രാക്ടർ.	പുതുതായി വെട്ടുന്ന തോട് കടലിൽചെന്നു ചേരുന്ന ഭാഗത്ത് കരിങ്കൽ മട്ടപണിചെയ്യുക.	൧,൯൩,൦൩൭ ,,

(൨) എ. റ്റി. മാത്യു, കോൺട്രാക്ടർ.	കൊല്ലം–ആലപ്പുഴ റോഡിൽ ൨൯/൭ മുതൽ ൪൦/൮ മൈൽ വരെ ഡീവിയേഷൻ റോഡുപണി.	൧,൪൪,൧൩൦ രൂപ
(൩) ടി ടി	ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ പണി.	൧,൨൦,൦൦൦ ,,
(൪) എം. എ. പാറപ്പച്ചൻ.	തോട്ടപ്പള്ളി–പല്ലന റോഡ് ഡീവിയേഷൻ	൫,൯൬൪ ,,

(സി) വിവരങ്ങൾ താഴെ കാണുന്നു. പണികൾ യഥാക്രമം (ബി)-യുടെ ഉത്തരത്തിൽ കൊടുത്തിട്ടുള്ളവയാണ്.

പണി എത്രമാത്രം പുരോഗമിച്ചു എന്ന്.

(൧) ഏകദേശം പകുതിഭാഗം ജോലികൾ തീർന്നു.
(൨) ഏകദേശം മൂന്നിൽ ഒരുഭാഗം ജോലികൾ തീർന്നു.
(൩) ഏകദേശം ൮൦ ശതമാനം പണികൾ തീർന്നു.
(൪) ഏകദേശം പത്തിൽ ഒരുഭാഗം കല്ലുകൾ സ്ഥലത്തിറക്കി
(൫) ഏകദേശം നാലിൽ ഒരുഭാഗം റോഡുപണി തീർന്നു.
(൬) പണികൾ പൂർത്തിയായി.
(൭) പണി തുടങ്ങിയില്ല.

കോൺട്രാക്ടർ പറ്റിയ തുക.

(൧)	൧,൧൯,൬൮൭	രൂപ.
(൨)	൬,൪൯,൩൪൬	,,
(൩)		ഇല്ല.
(൪)		ഇല്ല.
(൫)	൮,൯൧൮	,,
(൬)	൧,൦൩,൮൨൫	,,
(൭)		ഇല്ല.

(ഡി) തോട്ടപ്പള്ളി ചീപ്പും അതിനോടു സംബന്ധിച്ചുള്ള പണികളും ൧൯൫൪ അവസാനത്തിൽ തീരുന്നതാണ്.

*

മിഡ്‌വൈഫറി കേന്ദ്രങ്ങൾ.

൧൫. [൫] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മിഡ്‌വൈഫറി കേന്ദ്രങ്ങളുണ്ടെന്നും, അവ എവിടെയെല്ലാമാണെന്നും പറയുമോ;

(ബി) ൧൯൫൩–൫൪ വർഷത്തിൽ പുതുതായി ഏതെങ്കിലും സ്ഥലത്ത് മിഡ്‌വൈഫറി കേന്ദ്രം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെ?

<u>ഉത്തരം.</u>

(എ) ഇപ്പോൾ ൧൯൧ മിഡ്‌വൈഫറി കേന്ദ്രങ്ങളുണ്ട്. കേന്ദ്രങ്ങളുടെ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ഉണ്ട്. എവിടെയെല്ലാമാണെന്ന് തീരുമാനിച്ചിട്ടില്ല.

<u>റേഡിയോ സെറ്റുകൾ.</u>

൧൬. [൬] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജ് യൂണിയനുകൾക്ക് റേഡിയോസെറ്റ കൊടുത്തിട്ടുണ്ടെന്നും, അവ എവിടെയെല്ലാമാണെന്നും, അതിൽ കേടില്ലാത്തത് എത്രയെന്നും പറയുമോ;

(ബി) കീരിക്കാട്, കണ്ടല്ലൂർ വില്ലേജുയൂണിയൻ റേഡിയോ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെയും കൊടുക്കാതിരുന്നതിനുള്ള കാരണമെന്താണെന്നു പറയുമോ?

<u>ഉത്തരം.</u>

(എ) സംസ്ഥാനത്ത് ൯൦ വില്ലേജു യൂണിയനുകൾക്ക് (പഞ്ചായത്തുകൾക്ക്) റേഡിയോ സെറ്റുകൾ കൊടുത്തിട്ടുണ്ട്. അവ സ്ഥാപിച്ചിരിക്കുന്ന പഞ്ചായത്തുകളുടെ പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† എല്ലാം കേടില്ലാത്തവയാണ്.

(ബി) കീരിക്കാട്ട് കണ്ടല്ലൂർ വില്ലേജ് യൂണിയൻ റേഡിയോ ആവശ്യപ്പെട്ടിട്ടില്ല.

Leepuram Bay

17. (7) **Shri A. Samraj :** Will the Minister for Works be pleased to state :-

(*a*) whether the Government considered the possibility of improving the Leepuram Bay into a natural harbour ;

(*b*) will the Government at least construct a boat jetty at Leepuram for fishing launches immediately ?

Answer :

(*a*) Yes ; but it was found that there was no scope for opening this port.

(*b*) This matter will be considered.

---

* Please See Appendix II

† Please See Appendix II.

ഇലക്ട്രിക് ലൈൻ.

൧൮. [൯] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറനിന്ന് ആലുംപീടികവഴി ആയിരംതെങ്ങിലേക്കു ലൈൻ നീട്ടണമെന്നു കാണിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ തീരുമാനമെന്ത്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഓച്ചിറനിന്ന് ആലുംപീടികയിലേയ്ക്ക് ഒന്നര മൈൽ ദൂരം എൽ. ററി. ലൈൻ നീട്ടുന്നതിന് എസ്റ്റിമേററ് അനുവദിച്ചിട്ടുണ്ട്. ആയിരംതെങ്ങിലേയ്ക്ക് ൧൧ കെ. വി. ലൈൻ നീട്ടുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്.

ഇലക്ട്രിക്ക് ലൈൻ.

൧൯. [൰] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കരുനാഗപ്പള്ളിയിൽനിന്ന് പുതിയകാവുവഴി, തഴവാ വല്ലാക്കാവ്, പള്ളിമുക്കാവ്, തുറയിൽക്കടവ്, ആലപ്പാട്ട് എന്നിവിടങ്ങളിലേയ്ക്ക് ഇലക്ട്രിക്ക് ലൈൻ നീട്ടിക്കിട്ടണമെന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇവയിൽ എന്തെങ്കിലും ൧൯൬൧–ൽ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) തുറയിൽക്കടവ് ഒഴികെ, മററു സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടിക്കിട്ടണമെന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

Lift Irrigation

20. [11] **Shri O. C. Ninan:** Will the Minister for Work be pleased to state:

(*a*) when were the civil works for the lift irrigation of Palavayal and Keezhvaipur in Thiruvalla finished;

(b) what was the amount included in the budget for the electrical portion of the work in the current year;

(*c*) has Government sanction been given for the execution of that work;

(*d*) if not, will the Government be pleased to state the cause for this delay ; has the Government received any representation for the same ; when ;

(*e*) has Government received information that the cultivtaion in the Palavayal and other padoms have been destroyed for want of water as the electrical portion of the work has not been completed; and

(*f*) who made the investigation for this scheme ?

Answer :

(*a*) February 1952.

(*b*) Rs. 60,000.

(*c*) No.

(*d*) The matter is under investigation.
Yes, on 20th September 1952.

(*e*) No.

(*f*) Electricity Department.

Tarcreting Karingal Junction

21. (13) **Sri R. Ponnappa Nadar :** Will the Minister for Public Works be pleased to state :

(*a*) whether during his recent visit the Minister (Public Works) promised to tarcrete Karingal Junction immediately ;

(*b*) whether any petition was received in the matter ;

(*c*) whether any reply was given ;

(*d*) whether the Chief Engineer started the work ; and

(*e*) if not, when will it be started ?

Answer :

(*a*) The Minister has told the hon. Member that the junction deserves to be tarcreted.

(*b*) Yes.

(*c*) Yes.

(*d*) No.

(*e*) When funds become available.

പിന്നാക്കസമുദായങ്ങൾ.

൨൨. [൮൩] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കസമുദായങ്ങളായി വിഭാഗിക്കുന്നതിനു എന്തു മാനദണ്ഡങ്ങളാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളതു്;

(ബി) ഈ ഓരോ വിഭാഗക്കാർക്കും ഗവൺമെൻറിൽനിന്നും നൽകുന്ന ആനുകൂല്യങ്ങൾ ഏവ?

ഉത്തരം.

(എ) സമുദായത്തിൻെറ സാമ്പത്തികവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ സ്ഥിതിയാണ് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളതു്.

(ബി) ഓരോ വിഭാഗങ്ങൾക്കും നൽകിവരുന്ന ആനുകൂല്യങ്ങളുടെ ഒരു പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു. *

മീരാൻകടവുപാലം പണി.

൨൩. [൮൯] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീരാൻകടവു പാലം പണിയിക്കുന്നതിനു അഞ്ചുതെങ്ങ് നിവാസികൾ ൮൪,൦൦൦ ഉറുപ്പിക പിരിച്ചു ഗവൺമെൻറിനെ ഏല്പിച്ചിട്ടുണ്ടോ;

(ബി) ഈ തുക ഗവൺമെൻറിൽ അടച്ചിട്ട് എത്ര നാളായി;

(സി) മീരാൻകടവുപാലം പണിതുടങ്ങിയിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ടു്. പക്ഷെ തുക രൂ. ൮൨,൩൩൪-൨-൦ ആണ്.

(ബി) ഈ തുക മദ്രാസ് ഗവൺമെൻറ് ഏല്പിച്ചിട്ട് ഉദ്ദേശം രണ്ടു കൊല്ലമായി.

(സി) പാലം പണിക്കുള്ള എസ്റ്റിമേററ് അനുവദിച്ചുകഴിഞ്ഞിട്ടുണ്ടു്. ഗർഡർ മുതലായ ഇരിമ്പുസാമാനങ്ങൾ ശേഖരിച്ചുവരുന്നു.

Scarcity of water.

24. [19] **Shri K. Madhavan Unnithan :** Will the Minister for Works and Transport be pleased to state :

(*a*) whether the Government are aware that the people of the southern pakuthies in the Kunnathur taluk have scarcity of good drinking water ; and

(*b*) what steps have been taken to remedy the situation ?

---

*Please See Appendix III

Answer :

(*a*) No.

(*b*) Does not arise.

Anamalai-Poringalkuthu road.

25. [20] **Shri P. V. Avira Tharakan :** Will the Minister for Works and Transport be pleased to state :

(*a*) what made the Government to make an enquiry about the Anamalai-Poringalkuth road in 1949 ; and

(*b*) will the Government be pleased to publish the report ?

Answer :

(*a*) Government did not order an enquiry regarding Anamalai road.

(*b*) Does not arise in view of answer to (*a*).

Water Supply in the Ernakulam Municipal Area.

26. [22] **Shri A. A. D. Luiz** : Will the Minister for Public Works be pleased to state :

(*a*) whether it is a fact that the water supply in Ernakulam Municipal area is very poor ; and

(*b*) is the Government contemplating improvements ?

Answer :

(*a*) A fair quantity of water is supplied.

(*b*) Yes.

റെസ്റ്റ് ഹൌസ്.

൨൭. [൨൪] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽ ഒരു റസ്റ്റ്ഹൌസിന്റെ ആവശ്യകത കാണിച്ചുകൊണ്ടുള്ള പൊതുജനാഭ്യർത്ഥന കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടി നടന്നു?

ഉത്തരം.

(എ) ഉണ്ട്.

(ബി) റസ്റ്റ്ഹൌസിനുവേണ്ടി ഒരു പുതിയ കെട്ടിടം പണിതു കഴിഞ്ഞു. കെട്ടിടത്തിനുവേണ്ട ഉപകരണങ്ങൾ സംഭരിച്ചുവരുന്നു.

<u>പിന്നാക്കസമുദായോന്നമനം.</u>

൨൮. [൨൬] <u>ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കസമുദായോന്നമനത്തിനുവേണ്ടി കഴിഞ്ഞ ബഡ്ജററു വർഷത്തിൽ എത്ര ഉറുപ്പിക ചെലവുചെയ്തു;

(ബി) പ്രസ്തുത ചെലവുകളുടെ ഇനവിവരവും തുകകളും ഏതേതു വിധത്തിലായിരുന്നു;

(സി) മൊത്തം തുകയിൽ ലാപ്സായ തുക എത്ര?

<u>ഉത്തരം.</u>

(എ) രൂ. ൮,൧൯,൪൨൧

(ബി) ചെലവുചെയ്ത സംഖ്യയുടെ ഇനവിവരപ്പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു. *

(സി) രൂ. ൩,൮൪,൩൧൭.

<u>കള്ളുഷാപ്പുകൾ.</u>

൨൯. [൨൩] ശ്രീ. കെ. ജെ. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമല-കരിക്കാട്ടൂർഭാഗത്തുള്ള പൊതുജനങ്ങളിൽനിന്നും അവിടെ ലൈസൻസ് ഇല്ലാതെ നടത്തിപ്പോരുന്ന ഉപഷാപ്പുകൾ മുഖാന്തിരം ഉണ്ടാകുന്ന ശല്യങ്ങളെപ്പററി വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

<u>ഉത്തരം.</u>

(എ) ഉണ്ട്.

(ബി) ലൈസൻസില്ലാതെയുള്ള കള്ളുവില്പനയെ തടയാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

Adjournment Motion regarding murder of a worker in Cheruvalli Estate.

12 NOON.]

Mr. Speaker : Has the hon. Minister any information to give in respect of the Adjournment motion ?

Minister for Home Affairs (**Shri T. M. Varghese**): A case has been filed in the Court. The accused have been charged. Therefore, I do not think the matter is at a stage in which any information can be supplied.

*† Please See Appendix IV

Mr. Speaker : Is the hon. Member satisfied with the answer?

Shri C. Achyutha Menon : No.

Mr. Speaker : A case has been registered in court. The accused have been taken under custody. Charge-sheet has been filed before the Magistrate. Therefore, according to the rules, I am sorry I cannot allow the Adjournment motion. Therefore it stands disallowed.

The Travancore-Cochin Medical Practitioners Bill

Clause 5.

Mr. Speaker : We were considering the amendment of Shri K. M. Chandy to Clause 5. Has the hon. Minister anything to say by way of reply to that amendment ?

ശ്രീ. വി. മാധവൻ : ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണു്. ഈ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ റിക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷൻ ഇല്ലാത്തവർ കൗൺസിലിൽ വരുന്നതിനു് ഇടയാകുന്നതാണു്. അതു് അനുവദിക്കുവാൻ പാടുള്ളതല്ല. അതുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. കെ. എം. ചാണ്ടി : ഹോമിയോപ്പതിക്കാരെ മാത്രമേ ഈ റിക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷനിൽ നിന്നു് ഒഴിവാക്കുവാൻ ഞാൻ ആവശ്യപ്പെടുന്നുള്ളു. ഹോമിയോപ്പതിക്കാർക്കു് ഗവണ്മെന്റ് ഇപ്പോൾ റിക്കഗ്നൈസ് ചെയ്തിട്ടുള്ള ക്വാളിഫിക്കേഷൻ ഏതെല്ലാമാണു്?

ശ്രീ. വി. മാധവൻ : അതു് ഈ ഷെഡ്യൂളിൽത്തന്നെ പറഞ്ഞിട്ടുണ്ടു്.

റിക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷൻ ഇല്ലാത്തവർക്കും കൗൺസിലിൽ ഇരിക്കുവാനുള്ള സൗകര്യം ഈ ബില്ലുകൊണ്ടു കൊടുക്കുന്നു എന്നുള്ളതായിരിക്കും ഈ ഭേദഗതികൊണ്ടു് ഉണ്ടാകുന്നതു്. കൗൺസിലിൽ ഇരിക്കുന്നതിനു് ക്വാളിഫിക്കേഷൻ വേണമെന്നാണു് ഈ ബില്ലിൽ വിവരിച്ചിരിക്കുന്നതു്.

ശ്രീ. കെ. എം. ചാണ്ടി : ഷെഡ്യൂൾ (ബി)-ൽ പറയുന്നതു് ഇങ്ങനെയാണു്.

"All qualifications which may be recognised by the Government or the Government of any State in India or the Medical Council of India."

ഇതിൽ മെഡിക്കൽ കൗൺസിൽ ആഫ് ഇൻഡ്യ എന്ന ഭാഗം ഒമിററ് ചെയ്യണമെന്നു് മിനിസ്റ്റർ തന്നെ പറഞ്ഞിട്ടുള്ളതാണു്. ഹോമിയോപ്പതിയെ സംബന്ധിച്ചു് ഈ സ്റ്റേററ് റിക്കഗ്നൈസ് ചെയ്തിട്ടുള്ള യാതൊരു ക്വാളിഫിക്കേഷനും ഉള്ളതായിട്ടു് അറിഞ്ഞുകൂടാ.

ശ്രീ. ഇ. പി. വറുഗീസ്: ഹോമിയോപ്പതിക്കാർക്ക് ഒരു പ്രത്യേക പരിഗണന കൊടുക്കണമെന്നാണ് ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. ഇത് ആദ്യത്തെ തിരഞ്ഞെടുപ്പിനു മാത്രമാണെങ്കിൽ കൊള്ളാം. ഒരു കൊല്ലത്തിനുള്ളിൽ ക്വാളിഫൈഡ് ആയിട്ടുള്ളവർക്ക് അപേക്ഷിക്കാം. അപ്പോൾ ഒരു കൊല്ലത്തിനുള്ളിൽത്തന്നെ ഗവണ്മെന്റിന് നാമിനേററ് ചെയ്യുവാൻ ക്വാളിഫൈഡ് ആയിട്ടുള്ള ആളുകൾ ഉണ്ടാകും. മററു സ്റ്റേററുകളിൽ റിക്കഗ്നൈസ് ചെയ്തിട്ടുള്ള ക്വാളിഫിക്കേഷൻ ഉള്ളവർ നിശ്ചയമായിട്ടും ഇവിടെ കാണും.

The amendment was, by leave, withdrawn.

The question that Clause 5 stand part of the Bill was put and carried.

Clause 5 was added to the Bill.

Clause 6.

Shri K. M. Chandy : I move that in clause 6, after the words "Provided that the members so nominated shall be holders of recognised qualifications," add the following ;-

> "except such of those members who are nominated under clause 3 (3) (a)."

താൽക്കാലികമായിട്ട് വരുന്ന ഒരു ബുദ്ധിമുട്ട് ഇല്ലാതാക്കുവാൻവേണ്ടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്.

* **Mr. Speaker :** Exactly that is why I asked : is it the position of the hon. Member that homeopathists should be exempted because there is no recognised institution teaching it :

Shri K. M. Chandy : There is one institution recognised by the Bengal Government, which is as bogus as any of the institutions in this State.

Mr. Speaker : You should be very cautious when you say that the institution in Bengal is bogus, in the absence of any definite information on that point.

Shri K. M. Chandy : I move the amendment and I would request the hon. Minister to accept it.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ഇപ്പോൾ ഈ രാജ്യത്ത് ഇങ്ങനെയുള്ള റിക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷൻ ഉള്ളവർ ഉണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ ഇ. പി. വറുഗീസ് പറഞ്ഞു. അങ്ങനെ ക്വാളിഫിക്കേഷൻ ഉള്ളവർ ഈ രാജ്യത്ത് എത്രയുണ്ടെന്ന് ആർക്കും അറിഞ്ഞുകൂടാ. അങ്ങനെ ക്വാളിഫിക്കേഷൻ ഉള്ളവർ ഉണ്ടെങ്കിൽ കൗൺസിലിൽ വരത്തക്കവിധത്തിലുള്ള ആളുകൾ അവരിൽ എത്ര ആളുകൾ ഉണ്ടാകുമെന്നുള്ളതും അറിഞ്ഞുകൂടാ. ബംഗാളിൽ ഇങ്ങനെയുള്ള ഒരു റിക്കഗ്നൈസ്ഡ് ഇൻസ്റ്റിററ്യൂഷൻ

[ശ്രീ. ചെറിയാൻ ജെ. കാപ്പൻ.]

ഉണ്ടെന്നു പറഞ്ഞാൽ ഇവിടെയുള്ള ആളുകൾക്കു് അവിടെ പോയി പഠിച്ചുവരുവാൻ എളുപ്പം സാദ്ധ്യമല്ല: അതുകൊണ്ടു് ആദ്യം ഉണ്ടാകുന്ന കൗൺസിലിൽ പോലും ഹോമിയോപ്പതിക്കാർക്കു് വരുവാൻ നിവൃത്തിയില്ലാത്ത ഒരു വകുപ്പു് ഈ ബില്ലിൽ ചേർത്തിട്ടു കാര്യമില്ല. അതുകൊണ്ടു് ആദ്യത്തെ കൗൺസിലിൽ തന്നെ റിക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷൻ നോക്കാതെ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളിൽ നിന്നു് പ്രതിനിധികളെ എടുക്കേണ്ടതാണു്. ഇപ്പോഴത്തെ നിലയ്ക്കു് വിദഗ്ദ്ധന്മാരായ ആളുകൾക്കു് കൗൺസിലിൽ വരുവാൻ സാധിക്കാതെ വരികയും ക്വാളിഫിക്കേഷന്റെ പേരിൽ കൊള്ളരുതാത്ത പലർക്കും കൗൺസിലിൽ വരുവാൻ സാധിക്കുകയും ചെയ്യും. അതുകൊണ്ടു് ആദ്യത്തെ കൗൺസിലിൽ ഹോമിയോപ്പതിക്കാരെ എടുക്കുന്നതിനു് ഈ ഭേദഗതി സ്വീകരിക്കണമെന്നാണു് എനിക്കു് അപേക്ഷിക്കുവാനുള്ളതു്.

Mr. Speaker: There are two other amendments to the same clause, that is, amendments No. 21 and 22, in the name of hon. Members Shri P. Bhaskara Nair and Shri C. Achyutha Menon. They are for the deletion of the whole clause. I feel that it would be better that those amendments are moved first, so that if the clause is to be deleted, the amendment No. 20 need not be put at all.

Shri P. Bhaskaran Nair : I move to delete clause 6.

കൗൺസിലിലേയ്ക്കു് പ്രതിനിധികളെ തിരഞ്ഞെടുക്കും എന്നു ഇതിൽ പ്രൊവിഷൻ ഉണ്ടു്. എന്നാൽ രണ്ടു കൊല്ലത്തേയ്ക്കു് ആ അവകാശം അവർ വിനിയോഗിച്ചുകൂടാ എന്നാണു് ഈ ക്ലാസ്സു് കൊണ്ടു് നിർദ്ദേശിച്ചിരിക്കുന്നതു്. അതു് ജനപ്രാതിനിധ്യതത്വങ്ങൾക്കു വിരുദ്ധമാണു്. ഒന്നാമതു് ഇതിലെ വോട്ടർമാർ വിദ്യാഭ്യാസമുള്ള മെഡിക്കൽ പ്രാക്ടീഷ്ണേഴ്സ് ആണു്. തിരുവിതാംകൂർ വിഭാഗത്തു് ഇന്നു് ഒരു മെഡിക്കൽ കൗൺസിൽ നിലവിലുണ്ടു്. കൊച്ചി വിഭാഗത്താണു് അതു് ഇല്ലാത്തതു്. അതു് എളുപ്പം കാൺസ്റ്റിറ്റ്യൂട്ടു് ചെയ്യാവുന്നതുമാണു്. ഈ ജനകീയ തത്വം അവർക്കു് പ്രയോജനപ്പെടാതിരിക്കത്തക്കവിധത്തിലുള്ള ഒരു വ്യവസ്ഥ പാടില്ലെന്നാണു് എന്റെ ഭേദഗതികൊണ്ടു് ആവശ്യപ്പെടുന്നതു്. അതുകൊണ്ടു് ഈ ക്ലാസ്സ് ഒമിറ്റ് ചെയ്യണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

Shri C. Achyutha Meonan ; I move to omit clause 6.

ഇതു് രണ്ടുകൊല്ലത്തേയ്ക്കു് നടപ്പിൽ വരുത്താതിരിക്കുന്നതിന്റെ ഉദ്ദേശമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഗവണ്മെന്റുതന്നെ ആവശ്യപ്പെടുന്നുണ്ടു് മെഡിക്കൽ പ്രാക്റ്റീഷ്ണേഴ്സ് അവരുടെ സ്വന്തം പ്രതിനിധികളെ ഈ കൗൺസിലിലേയ്ക്കു് തിരഞ്ഞെടുക്കണമെന്നു്. ഇപ്പോൾ തിരുവിതാംകൂർ വിഭാഗത്തു് ഒരു കൗൺസിൽ നിലനിൽക്കുന്നുണ്ടു്. അങ്ങിനെ ഇരിക്കെ ബഹുമാനപ്പെട്ട കോട്ടയം മെംബർ പറഞ്ഞതുപോലെ ഈ കൗൺസിലിനെ രണ്ടുകൊല്ലത്തേയ്ക്കു് നിറുത്തിവയ്ക്കുവാൻ സെലക്റ്റ കമ്മറ്റി തീരുമാനിച്ചതിന്റെ അർത്ഥം എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു് തീർച്ചയായും ഇങ്ങനെയുള്ള ഒരു പ്രൊവിഷൻ ഈ ബില്ലിൽ ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം, തിരഞ്ഞെടുപ്പിനു് ഒരു വ്യവസ്ഥ വച്ചതിനു് ശേഷം അതു്

ഗവൺമെൻറിൻെറ യുക്തത്തിന് വിട്ടുകൊടുക്കുകയാണെങ്കിൽ ആ സംപ്രദായം വളരെ കാലത്തേയ്ക്ക് നീണ്ടു നീണ്ടു പോകുവാൻ എളുപ്പമുണ്ട്. വാസ്തവത്തിൽ ഇങ്ങനെയുള്ള ഒരു അവകാശം ഗവൺമെൻറിന് കൊടുക്കേണ്ട കാര്യമില്ല. കഴിയുന്നിടത്തോളം വേഗം കൗൺസിലിലേയ്ക്ക് ആളുകളെ തെരഞ്ഞെടുക്കുന്ന വ്യവസ്ഥ നടപ്പിലാക്കണം. അതിന് തടസ്സമായി നിൽക്കുന്ന ഒരു വ്യവസ്ഥ ആവശ്യമില്ലാത്തതാണ്.

ശ്രീ. വി. മാധവൻ: റിക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷൻ ഉള്ളവർ ഉണ്ടെന്നാണ് പറയുന്നത്.

ശ്രീ. ഇ. പി. വറുഗീസ്: മെഡിക്കൽ കൗൺസിലിൻെറ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഹോമിയോപ്പതിയിൽ റിക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷൻ ഉള്ള മൂന്നുപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നു പറഞ്ഞിട്ടുള്ളത് ഞാൻ ഗവൺമെൻറിൻെറ ദൃഷ്ടിയിൽപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. വി. മാധവൻ: ഈ ഭേദഗതികൾ മൂന്നിനേയും ഞാൻ എതിർക്കുകയാണ്. മിസ്റ്റർ വറുഗീസ് പറഞ്ഞതുപോലെ ക്വാളിഫിക്കേഷൻ ഉള്ള മൂന്നു പേർ ഉണ്ട്. ക്വാളിഫിക്കേഷൻ ഉള്ള ആളുകൾ രജിസ്റ്റർ ചെയ്തു അവരുടെ പേരെല്ലാം കിട്ടിയതിനുശേഷമല്ലാതെ ഇലക്ഷൻ നടത്തുവാൻ സാധ്യമല്ല. അതുകൊണ്ട് നാമിനേഷന് ഒരു സൗകര്യം കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് ഞാൻ ഈ ഭേദഗതികളെ എതിക്കുകയാണ്.

Shri P. S. Nataraja Pillai : I support the amendment of Shri Chandy. In clause 6 power is vested in Government for he nomination of members. It is evident from a reading of the Bill that so far this Government has not recognised any institution or any qualification for Homeopathy, nor have the mover of the Bill or the spokesman of the Select Committee given us his views on that point. From the speeches made by the spokesmen of the Select Committee during the discussion of this Bill, we are not in a position to know the qualifications that have been recognised by our Government or the Medical Council of India for Homeopathy. After all, it boils down to this : In Travancore we have only registered practitioners in Homeopathy. Only qualified medical practitioners in Homeopathy are entitled to be in the Medical Council. When we are constituting a Council and when members are not available, the position we are in is a matter for serious consideration. To the best of my memory there is a provision that when an adequate number of men are not available, *e.g.*, in the Siddha or Ayurvedic system of Medicines, something like 25 people are not available, Government are given the right of nominating. If 4 men are not available, there is no provision to nominate. I understand from what the spokesman of the Select Committee was saying that there are only 3 men who are said to possess the necessary qualifications.

Mr. Speaker : They are already registered practitioners.

Mr. P. S. Nataraja Pillai : There may be others who may be registered practitioners.

Shri A. A. D. Luiz : For practising, they have to be registered practitioners. So, unless they are registered qualified practitioners they are not entitled to be in the Council..

Shri P. S. Nataraja Pillai : Sir, there are two categories of practitioners, one registered practitioners being in the profession for a number of years, and the other is people with recognised qualifications. So there are two categories. The third category may be people with recognised qualifications but who may not have got themselves registered. We have no definite information on that. As it stands today, somehow or other, the Select Committee came to the conclusion that in the interests of Homeopathy and in the interests of the people, it is necessary to have a Homeopathic council. If that decision is accepted, then we must see that we make such provisions in the Bill as will lead to the establishment of the Homeopathic council. What is the fact? After the passing of this Bill and when it becomes an Act, Government will be confronted with the duty of nominating 4 men to that Council. To the best of our knowledge, we have got only 3 men qualified in Travancore. That is what I understand from the information given by the hon. Member.

ശ്രീ. ഒ. സി. നൈനാൻ: ക്വാളിഫൈഡ് ഹാൻഡ്സ് ആണെങ്കിലും പ്രാക്ടീസ് ഇല്ലാത്തവരായതുകൊണ്ടു രജിസ്റ്റർ ചെയ്തിരിക്കയില്ല. അവരെ നാമിനേററ്ചെയ്യാൻ പാടില്ലേ ?

Shri E. P. Varghese : They may be. Because Section 6 says "Notwithstanding anything contained in Sections 3, 4 and 5, in the case of the first councils, all the members other than the *ex-officio* member shall be nominated by the Government." So, they need not be registered practitioners for nomination. It is enough if they have the recognised qualifications.

Shri P. S. Nataraja Pillai: I do not quite follow that argument. Nobody here was entitled to practise without getting themselves registered. And if it is a man who has studied some writer on homeopathy simply with academic interest, does it mean that he represents a homeopathic practitioner? A man who has learned as my friend was saying that he was studying the formula of bridge,, etc., does that make him an Engineer?

ശ്രീ. ഓ. സി. നൈനാൻ : ഹോമിയോപ്പതിക്ക് ആവശ്യമുള്ള ക്വാളിഫിക്കേഷൻസ് സമ്പാദിച്ചതുകൊണ്ട് പ്രാക്ടീസ് ചെയ്യണമെന്ന് നിർബ്ബന്ധമില്ല. അവർക്ക് ആവശ്യമുണ്ടെങ്കിൽ പ്രാക്ടീസ്ചെയ്യാം.

Shri P. S. Nataraja Pillai: I do not exactly follow that trend of argument. Here, we are considering a Medical Council to control the medical practitioners.

Mr. Speaker: The question is even if a particular doctor is not a registered practitioner, what prevents a qualified doctor to be represented on the Council.

Shri P. S. Nataraja Pillai: There is no qualified doctor. The only information available to this House is that according to the statement of my friend Mr. E. P. Varghese there are only 3 qualified men in homeopathy in Travancore.

Mr. Speaker: Only registered.

Shri P. S. Nataraja Pillai: That is unknown. That is as good as saying that 90 lakhs of people are qualified. When we are thinking of a fact like that, it is not proper for us to act on presumptions or suppositions. What are the facts? If there are qualified men who are interested in the profession, they would have registered themselves. A man who has got knowledge of Homeopathy may be a great opponen t of homeopathy.

Shri E. P. Varghese: May I point out to the hon. Member that this nomination of 4 shall be both from Travancore and Cochin? In Travancore area there are about 3. The Cochin area may at least contain one qualified hand. Can we not presume like that?

Shri P. S. Nataraja Pillai: Why should we presume in a matter in which information can be so easily available? After all, even the major amendment of my friend on this side to omit that clause is reasonable according to me Because we have already registered practitioners here for Allopathy and homeopathy, there is absolutely no difficulty in having Medical Councils elected, excepting for the fact that Cochin has no Medical practitioners Act.

Shri A. A. D. Luiz: There are many people who have passed the examination in homeopathy. But they have not got themselves registered.

Mr. Speaker: Does the hon. member say that there are qualified people in Cochin area.

Shri A. A. D. Luiz: Yes. There are people who have qualified themselves, but they have not registered themselves.

Shri A. Thanu Pillai: Is it not possible to prepare a list of qualifications that men who are within the contemplation of the Members of this House as fit to be on the Council, should possess? After all, does a qualification mean an examination qualification alone? If you go into the schedule you will find distinguished physicians like Olassa

[Shri A. Thanu Pillai]

Moose, etc. It will be time for us to deal with the schedule to consider whether any suitable changes can be made to it or not. Does not the Member think that if some kind of qualification cannot be insisted on we should rather do without a board?

Shri P. S. Nataraja Pillai: That is exactly my difficulty. In fact, what prompted me to support this amendment is because of the question put by my friend Mr. Chandy specifically whether the qualifications cannot be included in the schedule. What are the qualifications that are being contemplated by this Government? If that is given, we will be in a position to know, when we have to deal with the schedule, whether it should be amended or not. Therefore I say omit it. Even the first council could be constituted by election, but for the fact that there is no medical practitioners Act in Cochin. Therefore for the first council members can be nominated, and when they are constituting the council by nomination, this exception contemplated by Mr. Chandy, may be taken into account i. e. people who have not the required qualification but who are registered practitioners may be nominated to the first council so that it will be easier. There are established practitioners who have established themselves in the practice of homeopathy and who have got the approbation of the general public and the Government as well. The amendment now contemplates only an extension of power to Government to nominate not only qualified, but also registered practitioners. There will be no danger in it. when we get sufficient number of men who have got recognised qualifications, for the next council they can elect from among themselves.

ശ്രീ. അമ്പാട്ട് ഈശ്വരമേനോൻ: എറണാകുളത്ത് പടിയാർ എന്ന് ഒരു ഹോമിയോപ്പതി ഡാക്ടർ ഉണ്ട്. അദ്ദേഹം അവിടെ ഒരു ഹോമിയോപ്പതി കാളേജും നടത്തുന്നുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യന്മാർ ധാരാളം പേർ പ്രാക്ടീസ് ചെയ്യുന്നതായും എനിക്കറിയാം.

Shri P. S. Nataraja Pillai: They are only registered practitioners who have established themselves in the profession, who have taught people and practically who are the pioneers of the homeopathic practice here. So, for the first council for which the Government is going to nominate why not they extend the ambit of the provision, so that registered practitioners as well can be included? That is all what is contemplated, and I request this House to consider seriously whether we cannot do anything in the matter, so as to enable the practitioners also to be nominated for the first council.

Shri A. Thanu Pillai: Does the Member realise that if we remove this proviso Government may be free to nominate? They may nominate me to the Medical Council. (Laughter)

Shri P. S. Nataraja Pillai: Yes. There is that legal difficulty. In so many things we are placing our trust on the Government. Why not we trust the Government in this matter also?

With these words, I request that the amendment may be seriously considered.

Mr. Speaker: The House will now adjourn to meet again after lunch.

The House adjourned for lunch at 12. 30 P. M. and reassembled at 2. 30 P. M. with Mr. Speaker in the chair.

Appointment of Rules Committee.

മിസ്റ്റർ സ്പീക്കർ: എനിക്കു ഒരു പ്രസ്താവന ചെയ്യുവാനുണ്ട്. ഭരണഘടന ൨൦൮-ാം വകുപ്പ് ൧-ാം ഉപവകുപ്പനുസരിച്ച് സംസ്ഥാനനിയമസഭകളുടെ നടപടിച്ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം അതാതു സഭകളിൽ തന്നെയാണു നിക്ഷിപ്തമായിരിക്കുന്നത്. അപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതുവരെയുള്ള കാലത്തേയ്ക്ക് ഭരണഘടന നടപ്പിൽ വന്നതിനു മുമ്പ് അതാതു നിയമസഭകളിൽ നിലവിലിരുന്ന ചട്ടങ്ങൾ അതാതു നിയമസഭാദ്ധ്യക്ഷന്മാർ വരുത്തുന്ന ഭേദഗതിക്കു വിധേയമായി ഊർജ്ജിതത്തിൽ ഇരിക്കുമെന്നും ഭരണഘടന ൨൦൮-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇപ്പോൾ ഈ സഭയിൽ നടപ്പിലിരിക്കുന്ന ചട്ടങ്ങൾ മേൽപറഞ്ഞ തൽക്കാലവ്യവസ്ഥയനുസരിച്ചു പാസ്സാക്കിയിട്ടുള്ളവയാണ്. ഈ താൽക്കാലികചട്ടങ്ങളിൽ തന്നെ ഏതെങ്കിലും ഭേദഗതികൾ ആവശ്യമാണോ എന്നുള്ള കാര്യം ആലോചിക്കുന്നതിനും, സ്ഥിരമായ ചട്ടങ്ങൾ ശുപാർശ ചെയ്യുന്നതിനുമായി ഒരു റൂൾസ് കമ്മിററിയെ നിയമിക്കാമെന്നു വിചാരിക്കുന്നു. ഈ കമ്മിററിയിൽ സ്പീക്കർ ഉൾപ്പെടെ ൯ മെംബർമാർ ഉണ്ടായിരിക്കുന്നതും, സ്പീക്കർ ഈ കമ്മിററിയുടെ അദ്ധ്യക്ഷനായിരിക്കുന്നതുമാണ്.

താഴെ പറയുന്ന മെമ്പർമാരെ ഈ കമ്മററിയിലെ അംഗങ്ങളായി നിയമിച്ചിരിക്കുന്നു.

(൧) ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ,
(൨) ,, ജി. ചന്ദ്രശേഖരപിള്ള,
(൩) ,, എൻ. പി. വറുഗീസ്,
(൪) ,, കെ. ബാലകൃഷ്ണമേനോൻ,
(൫) ,, പി. എസ്സ്. നടരാജപിള്ള,
(൬) ,, ടി. കെ. ദിവാകരൻ,
(൭) ,, എൻ. രാജഗോപാലൻ നായർ,
(൮) ,, എ. കുഞ്ഞൻ നാടാർ.

കമ്മററിയുടെ കോറം അഞ്ചായിരിക്കുന്നതും കമ്മിററി റിപ്പോർട്ട് മൂന്നുമാസത്തിനകം സമർപ്പിക്കുന്നതുമായിരിക്കും.

Shri E. P. Varghese: Sir, I oppose all the amendments. As regards amendments No. 21 and 22 are concerned it will not be possible for an elected council to function till the registration is over. A period of one year is fixed for persons intending to practise to apply to the Council. So there must be a council even during that one year. Even after the council is formed it will take some time to complete the registration; to go through all the applications and prepare a list of registered practitioners. So from the administrative point of view it is necessary to have the first Council nominated. It will not be possible to have an elected council for that period. That is why the nominated Council is allowed for two years.

Regarding amendment No. 20, what I have to state is that it is a council of Homeopathic practitioners. That must consist of persons who are qualified because it is the first council that has to go into all the applications for registration. If that council is not composed of qualified persons I do not think it will work properly. persons who are not qualified are likely to get registered as medical practitioners. One difficulty pointed out by the hon. Member for Trivandrum was that we have only three qualified persons practising in homeopathy. When I referred to report of the Medical Council of 1950-51 I found the number as three. But that was an over-sight. There must be persons who have got themselves registered both previous and subsequent to that period. I would like the Government Member to give us the correct number of qualified persons practising under the homeopathic system to-day. I do not think it will be difficult to find sufficient number of persons. Especially, in the Cochin area there are a number of qualified persons. The Bengal Government have recognised a number of institutions for the purpose of giving diplomas and issuing certificates. Under the schedule attached to this Act it is stated"....all qualifications recognised by any other State in India......". So, if the Bengal Government has recognised certain institutions, under this schedule, our Government too will be recognising them. There is no doubt about that. Any institution recognised by other Governments will be recognised by this Government also. I can speak with authority-I do not want to mention names—that there are a number of qualified persons practising in Cochin. They possess recognised qualifications. So the difficulty pointed out by the Member for Trivandrum will not arise. I do not think there is any necessity to deviate from the general principle of having qualified persons in these Councils not persons who are registered merely on the strength of the number of years they have practised. The Council is supposed to be a body of more qualified.

persons than the ordinary practitioners. And it should be so. That is why it is stated that every Council should consist of persons who are not only registered but also qualified. The only practical difficulty pointed out was the dearth of qualified persons practising under the homeopathic system. But that difficulty does not exist. As in the Cochin area, there are a number of qualified persons and as some of the members will have to be nominated from Cochin area there will be no difficulty to find the required number for the Council. Being a Travancore-Cochin affair, it will not be proper for all the representation being given to one particular portion of the State. As the hon. member for Chittur pointed out, there is one man who is almost an authority on the subject practising in Cochin. I do not think any body will find fault if such a person is nominated to the council. There are other persons also qualified from recognised institutions. So, by virtue of the schedule our Government will recognise those institutions also. So, there is no reason why we should make a discrimination with regard to homeopathy alone. So, I oppose all the amendments.

ശ്രീ. വി. മാധവൻ : മൂന്ന് അമെൻറമെൻറുകളെയും ഞാൻ എതിർക്കുകയാണ് ചെയ്യുന്നതു്. ൧൫-ാമത്തേയും ൧൧-ാമത്തേയും അമെൻറമെൻറ് സെക്ഷൻ തന്നെ എടുത്തുകളയണമെന്നുള്ളതിലേക്കാണ്. നാമിനേഷൻ ശരിയല്ലാത്ത ഒരു നടപടിയായിരിക്കുമെന്നു വിചാരിച്ചാണ് സെക്ഷൻ എടുത്തുകളയണമെന്നു ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. നാമിനേഷൻ കൊണ്ടല്ലാതെ തൽക്കാലം ഒരു കൗൺസിൽ രൂപീകരിക്കാൻ സാദ്ധ്യമല്ല. തിരുവിതാംകൂർ വിഭാഗത്തു മാത്രമെ ഇതിനുമുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകൾ ഉള്ളൂ. കൊച്ചിയെ കൂടി ഉൾപ്പെടുത്തിയുള്ള ഒരു നിയമമാണ് ഇപ്പോൾ നടപ്പിൽ വരുത്താൻ പോകുന്നതു്. അതുകൊണ്ടു് തൽക്കാലം നാമിനേഷൻ പദ്ധതിയല്ലാതെ മററു വഴിയില്ല. ഈ സംഗതികളിലെല്ലാം സെലക്ട്കമ്മിററി മെംബർ കൂടിയായിരുന്ന ആലങ്ങാട്ടു മെമ്പരുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ് ചെയ്യുന്നതു്. അമെൻറമെൻറ ൧൦-ൽ പറയുന്നതു കൗൺസിലിലേക്കു നാമിനേററു ചെയ്യുന്നവൎക്ക് റെക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷൻ ഇല്ലാതെയിരുന്നാലും തരക്കേടില്ലെന്നാണ്. അതു സ്വീകരിക്കാൻ നിവൃത്തിയില്ല. ഇതിനുമുമ്പുതന്നെ ഈ വിഷയത്തെപ്പററി പല ബഹുമാനപ്പെട്ട അംഗങ്ങളും വളരെക്കാര്യമായി പ്രസ്താവിച്ചു കേട്ടപ്പോൾ ഞാൻ ആ കാര്യത്തെപ്പററി അന്വേഷിക്കുകയുണ്ടായി. തിരുവിതാംകൂറിൽതന്നെ ൫൦ പേർ ക്വാളിഫിക്കേഷൻ ഉള്ളവരായി രജിസ്റ്റർ ചെയ്തിട്ടുണ്ടു്. കൊച്ചിയിലാണെങ്കിലും ഒരു നല്ല സംഖ്യ കാണും. കൊച്ചിയിൽ ക്വാളിഫിക്കേഷൻ ഉള്ളവരായി പലരും ഉള്ളതായിട്ടാണ് അറിയുന്നതു്. ആ നിലയിൽ കൗൺസിലിലേക്കു നാമിനേററു ചെയ്യാൻ ആളു് ഇല്ലാതെ വരുമെന്നു ഭയപ്പെടേണ്ട കാര്യമില്ല. തിരുവിതാംകൂർ ഭാഗത്തു ഇപ്പോൾതന്നെ ൫൦ പേരുണ്ടു്, ഇനിയും ആളുകൾ കാണും. യോഗ്യന്മാരായ ആളുകളെ ചേർത്തു രൂപീകരിച്ചു ഒരു കൗൺസിലാണെങ്കിൽ മാത്രമെ ഈ ആദ്യഘട്ടത്തിൽ കാ

[ശ്രീ. വി. മാധവൻ]

ക്ഷമമായി നടക്കുകയുള്ളൂ. കൗൺസിലിൽ കാര്യക്ഷമമായും ഭംഗിയായും നടത്തുന്നതിന് ഗവണ്മെന്റിന് സാധിക്കണമെങ്കിൽ യോഗ്യന്മാരായ ആളുകളെത്തന്നെ തെരഞ്ഞെടുക്കണം. അതിനാൽ അമൻഡ്മെന്റുകൾ മൂന്നും പിൻവലിക്കണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

The amendments were by leave of the House withdrawn.

The question that clause 6 do form part of the Bill was put and carried. The clause was added to the Bill.

Clause 7.

Shri. R. Kesava Pillai: I move:

"In clause 7, sub clause (c), drop the words beginning with 'and' and ending with 'court."

സർ, ഏഴാമത്തെ വകുപ്പുപ്രകാരം ഒരാൾ അസ്ഥിരചിത്തനാണെങ്കിൽ, അതായത്, അയാൾ സ്ഥിരബുദ്ധിയില്ലാത്തവനാണെങ്കിൽ കൗൺസിൽമെമ്പറാകാൻ അയോഗ്യനാണെന്നാണ്. അങ്ങിനെ ഒരുവൻ യോഗ്യനാകുന്നില്ല എന്നു നിർണ്ണയിക്കുന്നതിനുള്ള അവകാശം കോടതിക്കാണു കൊടുത്തിരിക്കുന്നത്. ഈ വകുപ്പനുസരിച്ച് അയാൾക്ക് കോടതിമുമ്പാകെ ചെല്ലുന്നതിനുള്ള അവസരവും വളരെ കുറഞ്ഞിരിക്കുന്നു. ഈ വകുപ്പ് ഇതേരൂപത്തിൽ ഇരിക്കുകയാണെങ്കിൽ ഇങ്ങനെയുള്ള ഒരാളിനെ കൗൺസിലിൽ അംഗമായിട്ടെടുക്കാമോ എന്നുള്ളതാണെനിക്കുള്ള സംശയം. മാത്രമല്ല, ഇതിനു വിശേഷിച്ചു വളരെ പ്രത്യേകതയൊന്നുമില്ല.

Mr. Speaker: It is a question of unsound mind. Is it equivalent to "*Asthirachithatha*"

<u>ശ്രീ. ആർ. കേശവപിള്ള</u>: മദ്രാസ് മെഡിക്കൽകൗൺസിൽ ആക്ടിലും ഇൻഡ്യൻമെഡിക്കൽ കൗൺസിൽ ആക്ടിലും ഇതു സംബന്ധിച്ചു പ്രത്യേകമായി ഒന്നും പറഞ്ഞിട്ടില്ല. മദ്രാസ് മെഡിക്കൽകൗൺസിൽ ആക്ടിൽ അതായത് ൧൯൧൪-ലെ ൪-ാം ആക്ടുപ്രകാരം **"unsound mind"** എന്ന വാക്കു പ്രത്യേകമായി നിർവ്വചിച്ചിട്ടില്ല. അതിൽ പറഞ്ഞിരിക്കുന്നതു ഞാൻ വായിച്ചു കേൾപ്പിക്കാം.

"8. A member of the Council shall be deemed to have vacated his seat—

(1) on sending his resignation in writing to the president or Registrar;

(2) on his absence without excuse sufficient in the opinion of the Council from three consecutive meetings of the Council;

(3) on his absence out of India for six consecutive months;

(4) on removal of his name from the register;

(5) on his being declared an insolvent by any competent court;

(6) on expiry of the term mentioned in Section 7...."

ഇതാണ് വ്യവസ്ഥാവകുപ്പിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ഇൻഡ്യൻ മെഡിക്കൽകൗൺസിൽ ആക്ടിൽ അങ്ങിനെ കാണുന്നില്ല. എന്താണെന്നുവച്ചാൽ അതിനു ചില വൈഷമ്യങ്ങളെല്ലാമുള്ളതുകൊണ്ടാണ്. ഒരാൾക്കു സ്ഥിരബുദ്ധിയില്ലാ എന്നു പറയേണ്ടതു ഒരു ഡാക്ടറാണ്. എന്നാൽ അതിനു തീരുമാനം കല്പിക്കാനുള്ള അധികാരം കോടതിക്കാണു കൊടുത്തിരിക്കുന്നത്. വിദഗ്ദ്ധാഭിപ്രായം നോക്കുകയാണെങ്കിൽതന്നെയും കോടതി അതു ശരിവയ്ക്കണമെന്നില്ല. അതുകൊണ്ട് ഇതു രണ്ടുംകൂടിയുള്ളതാണ് ഭേദം എന്നു എനിക്കു തോന്നുന്നു. പിന്നെ ചില കുറവുകൾ ഉള്ളതു ഇവിടെ ചൂണ്ടിക്കാണിക്കുന്നതു അപ്രസക്തമാണെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് ഈ ഏഴാംവകുപ്പു വളരെ പര്യാലോചിച്ചതിനു ശേഷം ആക്ടാക്കേണ്ടതാണ് എന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഭ്രാന്തനായാലും അംഗമായിരിക്കാൻ യോഗ്യതയുണ്ടായിരിക്കണമെന്നാണോ പറയുന്നത്.

ശ്രീ. ആർ. കേശവപിള്ള: അതെക്കുറിച്ചു പ്രത്യേകമായി പറയേണ്ട ആവശ്യമില്ല. ഇന്നു നാം സെൻട്രൽ ഗവണ്മെൻറു കൗൺസിൽ ആക്ടിലെ ചില വ്യവസ്ഥകൾ അനുസരിച്ചാണ് മുമ്പോട്ടുപോകുന്നത്. അങ്ങിനെ പോകുന്നതാണ് നമുക്കു നല്ലതും സുഗമമായിട്ടുള്ളതും എന്നു എനിക്കു തോന്നുന്നു. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ സഭയുടെ മുമ്പാകെ വച്ചുകൊള്ളുന്നു.

ശ്രീ. കെ. ഭരൻ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇൻഡ്യൻ ഭരണഘടനയിലെ 102 ബി. ഉപവകുപ്പനുസരിച്ചു നോക്കുകയാണെങ്കിൽ, അതിൽ പറഞ്ഞിരിക്കുന്നതിപ്രകാരമാണ്:

> "If he is of unsound mind and stands so declared by a competent court."

ഇവിടെ ഈ ഭേദഗതി അവതരിപ്പിച്ച എൻെറ മാന്യ സ്നേഹിതൻ കേന്ദ്രത്തിലെ ചില നിയമങ്ങൾ ഇവിടെ ഉന്നയിക്കയുണ്ടായി. ആ നിയമങ്ങളിൽ ഇപ്രകാരം ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടില്ലെന്നു മേൽ പ്രസ്താവിച്ച ഭരണഘടനാനിയമത്തിൽ നിന്നുതന്നെ വ്യക്തമാണല്ലോ. കോടതിയിൽനിന്നും **"unsound mind"** എന്നു തീരുമാനിക്കപ്പെട്ട ഒരാളിനു കൗൺസിലിൽ അംഗമായിരിക്കാൻ പാടില്ലാ, അയാൾ അയോഗ്യനാണ് എന്നുള്ള വ്യവസ്ഥ ഈ വകുപ്പിൽ ഉണ്ടായിരിക്കേണ്ടതു ഏററവും ആവശ്യമാണ്. അങ്ങനെ ഒരു ക്ലാസ്സ് ഇതിൽ ചേർക്കേണ്ട എന്നു പറയുന്നതിൽ ഒരു യുക്തിയുമില്ല എന്നു എനിക്കു തോന്നുന്നു. അതുകൊണ്ട് ഞാനീ ഭേദഗതിയെ എതിർക്കുന്നു

Shri T. K. Krishnan : Sir, I oppose the amendment. We are called upon to set up a standard for deciding if one is mad or not. It is a very difficult thing. A mad man will never admit he is mad. The assertion of the opposite party also may not be reliable. In common parlance every one is called mad if he differs from the other. Lovers and poets are called mad. Sometimes even politicians are called mad. The state of mind of a man is a matter of fact and that is to be proved beyond the shadow of any doubt. It will be very difficult for the returning officer to decide whether one is mad or not if we do

[Shri T. K. Krishnan]

not set up a standard. Therefore, it would be better if this matter is left to be decided by a court of law. And a competent court is the most qualified body to decide whether one is mad or not. So, I oppose this amendment.

<u>ശ്രീ. ഓ. സി. നൈനാൻ:</u> ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ഈ സെക്ഷനിൽ (വകുപ്പിൽ) പറയുന്ന പ്രകാരം ഭ്രാന്തന്മാരെ ഈ കൗൺസിലിൽ കടന്നുകൂടാതിരിക്കുന്നതിനുവേണ്ടി ചേർക്കണമെന്നു പറയുന്ന വ്യവസ്ഥ ഏററവും ആവശ്യമാണ്. ഈ ക്ലാസിൽ പറയുന്നത് **insane and declared by a competent court as such** എന്നാണ്. **And** എന്ന വാക്കു ഉപയോഗിച്ചിട്ടുണ്ട്. അതിനാൽ ആൾ ഭ്രാന്തനായിരിക്കയും, അപ്രകാരം അധികാരമുള്ള കോടതി പ്രഖ്യാപിക്കയും ചെയ്തിരിക്കേണ്ടതാണെന്നാണ് പറയുന്നത്. കോടതി തീരുമാനിച്ച ഒരാൾക്കു മാത്രമേ അയോഗ്യതയുള്ളു എന്നാണ്. കോടതി അയാളെ ഭ്രാന്തനാണെന്നു ഡിക്ലയർ ചെയ്യാതിരിക്കുന്നതുവരെയും അയാൾക്കു, ഭ്രാന്തനായിരുന്നാലും തിരഞ്ഞെടുപ്പുമൂലം കൗൺസിലിൽ കടന്നുകൂടാം. അങ്ങിനെ ഭ്രാന്തന്മാരെക്കൂടി ഈ കൗൺസിലിൽ എലക്ട് ചെയ്യാതിരിക്കുന്നതിനാണ് ഈ ഭേദഗതി വേണമെന്നു പറയുന്നത്. അങ്ങിനെ കൗൺസിലിൽ വല്ല കാരണവശാലും കടന്നുകൂടിയാൽതന്നെ അതേപ്പററി അന്വേഷിക്കുന്നതിനും ഭ്രാന്തനാണോ അല്ലയോ എന്നു തീരുമാനിക്കുന്നതിനും അയാളെ ഈ കൗൺസിലിൽനിന്നു ഒഴിവാക്കുന്നതിനും ഈ അമെൻഡ്മെൻറ വളരെ ആവശ്യമാണ്.

<u>ശ്രീ. കെ. കരുണാകരൻ:</u> ഉദാഹരണം പറയാമോ?

<u>ശ്രീ. ഓ. സി. നൈനാൻ:</u> ഉദാഹരണങ്ങൾ കണ്ടേക്കാം. നിയമം ഉണ്ടാക്കുമ്പോൾ അപ്രകാരം സംഭവിക്കുന്നതിനു സാദ്ധ്യത ഉണ്ടോ എന്നാണു നോക്കേണ്ടതു്.

<u>ശ്രീ. ഈ. പി. വർഗീസ്:</u> ഈ അസംബ്ലിയിൽ ഭ്രാന്തന്മാർ കടക്കാതിരിക്കാൻ വല്ല വ്യവസ്ഥയും ഉണ്ടോ?

<u>ശ്രീ. ഓ. സി. നൈനാൻ:</u> ഉണ്ടെന്നാണെന്റെ അറിവ്.

<u>ശ്രീ. കെ. കരുണാകരൻ:</u> ഇല്ലെന്നുള്ളതിനു തെളിവു ഹാജരാക്കാം.

<u>ശ്രീ. ഓ. സി. നൈനാൻ:</u> ഒരു മനുഷ്യനെ വെറുതെ ഭ്രാന്തനാണെന്നു പറഞ്ഞാൽ മാത്രം പോരാ. ഒരു കോടതി അപ്രകാരം തീരുമാനിക്കണം എന്നു കൂടിയാണു ഭേദഗതി ഇല്ലെങ്കിൽ വരുന്നതു്. അങ്ങിനെ ഒരു തീരുമാനം ഉടനെ ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. അതു സാദ്ധ്യമല്ല. ഇങ്ങനെ മെഡിക്കൽ കൗൺസിലിൽ ഭ്രാന്തന്മാർ കടന്നുകൂടാതിരിക്കാൻ ഈ വ്യവസ്ഥകൾ ആവശ്യമാണ്. രാജ്യത്തിന്റെ രക്ഷക്കും ജനങ്ങളുടെ രക്ഷക്കും ഈ ഭേദഗതി വളരെ അത്യാവശ്യമായ **and declared by a competent court** എന്ന വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടായിരിക്കരുതെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്.

ശ്രീ. ആർ. കേശവപിള്ള: ഒരാൾ ഭ്രാന്തനാണെന്നു തീരുമാനിച്ചതിനു ശേഷം അയാളുടെ ഭ്രാന്തു മാറരുതോ?

ശ്രീ. ഓ സി. നൈനാൻ: ചികിത്സിച്ചാൽ ചിലപ്പോൾ അങ്ങിനെയും വരാം. ഏതായാലും ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

ശ്രീ. വി. മാധവൻ: ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണു ചെയ്യുന്നതു്. "Unsound mind and stands so declared by a competent court" എന്നുള്ളതു നിർബന്ധമാണു്. ഇപ്പോൾ ഹോമിയോപ്പതി ചികിത്സ ചെയ്യുന്ന ഒരാളെ സന്ദർഭവശാൽ തെരഞ്ഞെടുത്തയച്ചാൽ, അയാളെ ആരെങ്കിലും ഭ്രാന്തനാണെന്നു പറഞ്ഞാൽ അതു വൈഷമ്യങ്ങൾക്കു കാരണമായിത്തീരുന്നതാണു്. അതു കോടതി തീരുമാനിക്കുന്നതായാൽ യാതൊരബദ്ധവുമില്ലെന്നാണെനിക്കു തോന്നുന്നതു്. ഭ്രാന്തന്മാരായിട്ടുള്ളവർ അംഗങ്ങളായിവരാൻ പാടില്ല. അതിലേക്കു ഇതു കൽപ്പിച്ചുകൂട്ടി ചെയ്തിട്ടുള്ള വ്യവസ്ഥയാണു്. ആ വ്യവസ്ഥ പാസാക്കിത്തരണമെന്നു ഞാനപേക്ഷിക്കുന്നു.

Mr. Speaker: Does the hon. Member press the amendment?

Shri R. Kesava Pillai: No, Sir. I do not press.

The amendment was by leave, withdrawn.

Shri E. Gopalakrishna Menon: Sir, I move:

> In clause 7 sub-clause (d) delete the portions after 'India' and add instead 'of an offence involving moral turpitude.'

സർ, ഇതിൽ ഏഴാംവകുപ്പു (ഡി) ഒരാൾക്കു് ഈ കൗൺസിലിൽ മെംബറാകുന്നതിനു മറെറല്ലാ യോഗ്യതകളും ഉണ്ടെങ്കിൽതന്നെയും രണ്ടു കൊല്ലം ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അയാളെ അയോഗ്യനാക്കുന്ന ഒരു വ്യവസ്ഥയാണു്. ശിക്ഷിക്കപ്പെട്ടു എന്നു പറയുമ്പോൾ പല കാരണങ്ങളാലും ശിക്ഷയ്ക്കു വിധേയനായി എന്നുവരാം. രാഷ്ട്രീയ കാരണങ്ങളിൽ ശിക്ഷിക്കപ്പെട്ട ഒരാളിനുപോലും, അദ്ദേഹം എത്രതന്നെ യോഗ്യനും, ജനസമ്മതനും, ആണെങ്കിലും കൗൺസിലിൽ മെംബറാകാൻ ഈ വകുപ്പനുസരിച്ചു അവകാശമില്ലാതായിത്തീരുന്നു. ഇതൊരിക്കലും ന്യായീകരിക്കത്തക്ക ഒരു വ്യവസ്ഥയല്ല. അസംബ്ലിയിലേയ്ക്കും പാർലമെൻറിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പു ചട്ടങ്ങളിൽ അങ്ങനെയുള്ള വ്യവസ്ഥയുണ്ടെന്ന ന്യായത്തിന്മേൽ അതു് ഇവിടെ ചേർക്കേണ്ട യാതൊരാവശ്യവുമില്ല. ആ വ്യവസ്ഥ തെരഞ്ഞെടുപ്പുചട്ടങ്ങളിൽ എഴുതിച്ചേർത്തിരിക്കുന്നതു് രാഷ്ട്രീയപ്രതിയോഗികളോടു് അധികാരത്തിലിരിക്കുന്ന കക്ഷിക്കു വകപോക്കാൻ മാത്രമാണു്. അതു മാത്രമല്ല മദ്രാസ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിൽ എൻെറ ഈ ഭേദഗതിയിൽ പറയുന്നതുപോലെ അസാന്മാർഗ്ഗികമായ കുററങ്ങൾക്കു് ശിക്ഷിക്കപ്പെട്ടിട്ടുള്ളവരെ മാത്രമെ അയോഗ്യനാക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. ഈ കാരണങ്ങളാൽ എൻെറ ഈ ഭേദഗതിയെ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Mr. Speaker : Mr. Achyutha Menon has also tabled a similar amendment. Does the hon. Member want to speak ?

Shri C. Achyutha Menon : Let me hear, Sir, what the Minister has to say.

ശ്രീ. വി. മാധവൻ : സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. നിയമാനുസൃതമായ എന്തെങ്കിലും കുററം ചെയ്തിട്ടാണല്ലോ [3 P. M.] ശിക്ഷ വരുന്നതു്. ശിക്ഷ ഒരു ന്യായമായി വരാത്തിടത്തോളംകാലം അതു ന്യായീകരിക്കാവുന്നതല്ല. ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും ശിക്ഷയ്ക്കു വല്ല വ്യത്യാസവും വേണമെന്നു തോന്നുന്നപക്ഷം അതാതു കാലത്തെ അധികാരികൾക്കു് എക്സംപ്ഷൻ കൊടുത്തു് അങ്ങനെയുള്ളവരെ ഒഴിവാക്കാം. എന്നല്ലാതെ ശിക്ഷകളെ മറെറന്തെങ്കിലും വിധത്തിൽ വേർതിരിക്കുകയോ ഇപ്പോൾ ഇരിക്കുന്ന നിലയ്ക്കു് എന്തെങ്കിലും മാററം വരുത്തുകയോ ചെയ്യേണ്ടതില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. സി. അച്യുതമേനോൻ : സർ, മെഡിക്കൽ കൗൺസിലിലേയ്ക്കു് തെരഞ്ഞെടുക്കപ്പെടുന്നതിനോ അല്ലെങ്കിൽ നാമിനേററു ചെയ്യപ്പെടുന്നതിനൊ ഉള്ള ഒരു അയോഗ്യതയായി രണ്ടുകൊല്ലത്തോളം ദൈർഘ്യംവരുന്ന കാലത്തേയ്ക്കു ശിക്ഷിക്കപ്പെട്ടു എന്നുള്ളതു ഗണിക്കപ്പെടുവാൻ പാടില്ലെന്നാണു എന്റെ അഭിപ്രായം. കാരണം, ഏതെല്ലാം കുററത്തിനാണു് അല്ലെങ്കിൽ ഏതേതു വകുപ്പിനാണു് അയോഗ്യതയായി ഗണിക്കപ്പെടുന്ന ശിക്ഷകൾ എന്നു് പറയുന്നില്ലെന്നുള്ളതാണു്. ശിക്ഷ അനുഭവിക്കുന്നതു പല കാരണങ്ങളാലായിരിക്കും. ഈ രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ വളരെ വ്യക്തമായി കാണാൻ സാധിക്കും വളരെയധികം പ്രാപ്തിയും മറെറല്ലാതരത്തിലുമുള്ള മാന്യനിലയും സിദ്ധിച്ചിട്ടുള്ള സമുദായത്തിലുള്ള ആളുകൾക്കുപോലും രണ്ടുകൊല്ലത്തിലധികം കാലം ശിക്ഷ അനുഭവിക്കേണ്ടതായിവന്നിട്ടുണ്ടെന്നു്. സർ, സമുന്നതന്മാരായ നേതാക്കന്മാർക്കു്, കാൺഗ്രസ്സ പാർട്ടിയിൽതന്നെയുള്ള അനവധി ആളുകൾക്കു് ഇങ്ങനെയുള്ള ശിക്ഷകൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. ഈ നിയമം അനുസരിച്ചാൽ അപ്രകാരം സമുന്നതന്മാരെന്നു ഗണിക്കപ്പെടുന്ന ഡാക്ടർമാർക്കുതന്നെ അവർ രണ്ടുകൊല്ലക്കാലം ശിക്ഷിക്കപ്പെട്ടിട്ടുള്ളപക്ഷം, മെഡിക്കൽ കൗൺസിലിലേയ്ക്കു തെരഞ്ഞെടുക്കപ്പെടുന്നതിനൊ, നാമിനേററു ചെയ്യപ്പെടുന്നതിനൊ യോഗ്യതയുണ്ടായിരിക്കുന്നതല്ല. പ്രശസ്തനും പരേതനുമായ ഡാക്ടർ അൻസാരി, ഇന്നു ജീവിച്ചിരിക്കുന്ന ഡാക്ടർമാരായ ജീവരാജ മേത്ത, ഡാക്ടർ ബി. സി. റായി മുതലായ കാൺഗ്രസ്സ് നേതാക്കന്മാർക്കുപോലും ഈ വകുപ്പുപ്രകാരം അയോഗ്യത കല്പിക്കപ്പെടും. കാൺഗ്രസ്സ് പാർട്ടിയിൽനിന്നു കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലനുസരിച്ചു നോക്കിയാൽപോലും അവർ അധികാരികളായിരിക്കുന്ന ഈ കാലത്തു്, അവർക്കു് തെരഞ്ഞെടുക്കപ്പെടുവാനൊ നാമിനേററു ചെയ്യപ്പെടുവാനോ, ഗവണ്മെൻറിന്റെ പ്രത്യേകം ഒരു സൗജന്യംകൂടി വേണമെന്നു വരുന്നതു എത്രമാത്രം ഗർഹണീയമായിരിക്കുന്നുവെന്നു പ്രത്യേകം ആലോചിക്കേണ്ടതാണു്. രണ്ടു കൊല്ലമൊ കൂടുതലൊ കാലം ശിക്ഷയുള്ളവർ

അയോഗ്യരാണെന്നു വന്നാൽത്തന്നെയും അങ്ങനെയുള്ളവരെ ഒഴിവാക്കുവാൻ ഗവണ്മെൻറിനു അധികാരമുണ്ടെന്നുള്ളതു ശരിയാണ്. പക്ഷെ, ആ അധികാരം വാസ്തവത്തിൽ ആവശ്യമുള്ള സന്ദർഭങ്ങളിലും, ഉചിതമായ സ്ഥാനങ്ങളിലും ഗവണ്മെൻറ പ്രയോഗിക്കുന്നുണ്ടോ എന്നു ചോദിച്ചാൽ വളരെ വളരെ കഷ്ടിയാണെന്നു പറയേണ്ടിവരും.

സർ, മറെറാരു സംഗതികൂടി എനിക്കു പറയുവാനുണ്ട്. ഇന്നു് നിലവിലിരിക്കുന്ന നിയമം ഇൻഡ്യൻ പീനൽകോഡു അനുസരിച്ചുള്ളതാണ്. അതു വാസ്തവത്തിൽ ഇന്നു്, ഇൻഡ്യ എത്തിക്കഴിഞ്ഞിരിക്കുന്നു എന്നു പറയുന്ന സ്വതന്ത്രമായ നിലപാടിനും, സംസ്കാരത്തിനും അനുയോജ്യമായ ഒരു പീനൽ നിയമമാണെന്നു എനിക്കഭിപ്രായമില്ല. പത്തൊൻപതാം നൂററാണ്ടിൽ ലാർഡു് മെക്കാളെ ഇവിടത്തെ ജനതയെ അടിമത്വത്തിലും അമർച്ചയിലും അടക്കി ഭരിക്കുവാൻവേണ്ടി മാത്രം ഏർപ്പെടുത്തിയ ഒരു നിയമമാണ് ഇൻഡ്യൻ പീനൽകോഡ്. അതേ പീനൽകോഡുതന്നെയാണ് ഇന്നും നമുക്കുള്ളതു്. അടിമത്വത്തിലാഴ്ത്തുവാനും, അടക്കി ഭരിക്കുവാനും സമ്മതിക്കാത്തവരെ രാഷ്ട്രീയ കുഷ്ഠരോഗികളായി ഗണിക്കണമെന്നുള്ള വിചാരത്തോടുകൂടിയാണു ഇൻഡ്യൻ പീനൽകോഡു എഴുതിയുണ്ടാക്കിയതു്. ഇൻഡ്യ സ്വാതന്ത്ര്യം നേടുകയും, ഇവിടെ ഒരു പൊതുജനസഭയും മററു നിയമസഭകളും ഉണ്ടാകുകയും ചെയ്തിട്ടും ആ പീനൽകോഡിലെ നിയമത്തെത്തന്നെ മുറുകെ പിടിച്ചുകൊണ്ടു മെഡിക്കൽ കൗൺസിലിലും പ്രതിനിധിസഭകളിലേക്കുമുള്ള തെരഞ്ഞെടുപ്പിനു ആ നിയമപ്രകാരം ശിക്ഷിക്കപ്പെട്ടവർ അയോഗ്യരായി ഗണിക്കപ്പെടുമെന്നു വിധിയെഴുതുന്നതു വളരെ കഷ്ടമാണെന്നും, നമ്മുടെ സംസ്കാരത്തിനും, നമ്മുടെ രാഷ്ട്രീയബോധത്തിനും അതു ഒരിക്കലും യോജിച്ചതല്ലെന്നും മാത്രമെ എനിക്കു പറയുവാനുള്ളു.

ശ്രീ. ഒ. സി. നൈനാൻ: പീനൽകോഡു എഴുതിയുണ്ടാക്കിയതു സായിപ്പാണെങ്കിലും ആ നിയമം ഇവിടെ മാത്രമല്ല ഉള്ളതെന്നും, സായിപ്പിൻെറ രാജ്യത്തും ഇതേ നിയമംതന്നെയാണുള്ളതെന്നും ബഹുമാനപ്പെട്ട മെംബർക്കു് അറിയാമോ?

ശ്രീ. സി. അച്യുതമേനോൻ: എൻെറ പരിമിതമായ അറിവു വച്ചുകൊണ്ടു എനിക്കു പറയുവാൻ കഴിയുന്നതു അല്ല എന്നാണ്. അന്യായമായ തടങ്കലിനും അതുപോലുള്ള സ്വാതന്ത്ര്യഭഞ്ജകമായ മററു നടപടികൾക്കും നിവാരണമാർഗ്ഗമായി ബ്രിട്ടീഷ് ജൂറിസ്പ്രൂഡൻസിൽ "ഹേബിയസ് കാർപ്പസ്" എന്ന നിയമം ഉണ്ടു്. എന്നാൽ നമുക്കു് അങ്ങനെയൊരു നിയമം ഇല്ല. നേരെമറിച്ചു്, 1818-ലെ മദ്രാസ് റഗുലേഷനും, അടിമരാജ്യങ്ങളിലെന്നപോലെ പൗരന്മാരുടെ എല്ലാവിധ അവകാശങ്ങളെയും നിഷേധിക്കുന്നതിനും, സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നതിനും ഉള്ള മററു പല നിയമങ്ങളും ഇവിടെയുണ്ടായിരുന്നു, ഇന്നുമുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: ഇവിടെയും ബ്രിട്ടീഷ് രാജ്യത്തെ പൗരസ്വാതന്ത്ര്യസംരക്ഷണത്തിനുള്ള നിയമങ്ങൾ ഒന്നും ഉണ്ടായിട്ടില്ലെന്നാണോ മെംബർ പറയുന്നതു്?

Shri C. Achyutha Menon : I do not yield, Sir.

അതുകൊണ്ട്, മെഡിക്കൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുവാനോ, നാമിനേററ് ചെയ്യപ്പെടുവാനോ ഉള്ള ഒരു അയോഗ്യതയായി ഈ വിധം രാഷ്ട്രീയ കാരണങ്ങളാൽ നൽകപ്പെടുന്ന ശിക്ഷ ഗണിക്കപ്പെടുവാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

ഒരു സംഗതികൂടി എനിക്ക് പറയുവാനുണ്ട്. നിങ്ങളെല്ലാവരും സമ്മതിക്കുമെന്നാണെന്റെ വിശ്വാസം. ഇന്ന് ഇൻഡ്യൻ ഭരണഘടന നടപ്പിൽ വന്നതിനുശേഷം ൧൨൪-ാം വകുപ്പിൻപ്രകാരം യാതൊരു വധ ശിക്ഷകളും ക്രിമിനൽ നടപടികളും എടുക്കാൻ പാടില്ലെന്നും, കാൺസ്റ്റിററ്യൂഷൻ ആക്ടിന്റെ സ്പിരിററ് അതാണെന്നും ഇവിടെ ഇരിക്കുന്ന എന്റെ ബഹുമാന്യസ്നേഹിതന്മാർക്കെല്ലാവർക്കും അറിയാം. നിർഭാഗ്യവശാൽ എന്നു പറയട്ടെ, ആ ൧൨൪-ാം വകുപ്പിൻപ്രകാരം ഉള്ള പ്രാസിക്യൂഷൻ നടപടികളും ശിക്ഷകളും സ്വാതന്ത്ര്യം കിട്ടി എന്നു വിചാരിക്കുന്ന ഇക്കാലത്തും ഗവമ്മെന്റ് എടുക്കുന്നുണ്ട്. അടുത്ത കാലത്തു എന്റെ സ്നേഹിതനായ ശ്രീ. പി. ഗംഗാധരനെ തൃശ്ശൂരിൽവച്ച് ൧൨൪-ാം വകുപ്പുംപ്രകാരം പ്രാസിക്യൂഷൻ നടത്തുകയും ശിക്ഷിക്കുകയും ചെയ്തു. എന്താണു കാരണമെന്ന് വാസ്തവത്തിൽ അറിഞ്ഞിരിക്കേണ്ടതാണ്. ഈ ഘട്ടത്തിൽ ഏററവും പ്രസക്തമായതുകൊണ്ടു ആ കാര്യം ഞാൻ ഇവിടെ പറയുകയാണ്. അദ്ദേഹം ൧൯൪൭-ൽ ഒരു എസ്. എൻ. ഡി. പി. ശാഖായോഗത്തിൽപോയി ഒരു പ്രസംഗം ചെയ്തു. അന്നത്തെ യോഗത്തിൽ അവിടെ, കൊച്ചിയിലാണ്, ക്ഷേത്രപ്രവേശനവുമില്ല പ്രായപൂർത്തിവോട്ടവകാശവുമില്ല എന്നു അദ്ദേഹം പറഞ്ഞു. ഈ രണ്ടു കാര്യങ്ങളും പറഞ്ഞുവെന്നും, അതുകൊണ്ടു ൧൨൪-ാം വകുപ്പുംപ്രകാരം നടപടി എടുക്കേണ്ടിവന്നുവെന്നുമാണ് കേസ്. അദ്ദേഹത്തിന്റെ പേരിൽ കൊണ്ടുവന്നിരിക്കുന്ന ചാർജ്ജുഷീററ് അതാണ്. ഇത്രയും പരിഹാസ്യമായ രീതിയിൽ ഒരാളെ ശിക്ഷിച്ചിട്ടുണ്ടെങ്കിൽ ആ ശിക്ഷയെ അയോഗ്യതയാക്കി ഗണിക്കുവാൻ പാടില്ലെന്നുള്ളതാണ് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന തത്വം. അതുകൊണ്ടു ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പർ കൊണ്ടുവന്ന രീതിയിലൊ, അല്ലെങ്കിൽ ഞാൻ കൊണ്ടുവന്ന രീതിയിലൊ ഉള്ള ഭേദഗതി സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. ആർ. കേശവപിള്ള: സർ, ഇവിടെ ഹാജരാക്കപ്പെട്ട ഈ രണ്ടു ഭേദഗതികളെയും ഞാൻ അനുകൂലിക്കുന്നു. ഇന്നത്തെ പരിതാപകരമായ ഒരവസ്ഥ നിയമങ്ങളെ കാലാനുസൃതം നാം പരിഷ്കരിക്കുന്നില്ല എന്നുള്ളതാണ്. അസന്മാർഗ്ഗികമായ കുററങ്ങൾക്കല്ലാതെ മറെറാരു കുററങ്ങൾക്കും അയോഗ്യത കൊടുത്തുകൂടാ. രാഷ്ട്രീയമൊ, അല്ലാതെയൊ ഉള്ള പരിഗണനകളാൽ ചില പ്രവൃത്തികൾ ചെയ്തുപോകുന്നതു മനുഷ്യസഹജമായ സ്വഭാവമാണ്. അതു അവരുടെമേൽ ഒരു അയോഗ്യതയാക്കിത്തീർക്കുവാനും, അവരുടെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുവാൻ നിവൃത്തിയില്ലാതാക്കിത്തീർക്കുന്നതിനും ഇടയാക്കുന്നതു കഷ്ടമാണ്. മാത്രമല്ല, ഇങ്ങനെ അവരെ ഉപദ്രവിക്കുന്നതായാൽ അതു തന്നെ മേലാൽ പല കുററങ്ങൾ ചെയ്യുന്നതിനും അവരെ പ്രേരിപ്പിക്കുകയും ചെയ്യും. ഉപജീവനമാർഗ്ഗം തടയുന്നതിനും കാര്യങ്ങൾ നന്നാക്കിക്കൊണ്ടുപോകുന്നതിന് അവരെ തടയുന്നതിനും അതു ഇടവരുത്തും.

ഇങ്ങനെയുള്ള ഒരു നിയമം പാസാക്കുന്നപക്ഷം നാം പരിഷ്കൃത ലോകത്തിലല്ല ഇരിക്കുന്നതെന്ന് മററുള്ളവർ പറഞ്ഞേക്കും. അമേരിക്ക, റഷ്യ, മുതലായ പരിഷ്കൃതരാജ്യങ്ങളിൽ ഇങ്ങനെ "മോറൽ ടർപ്പിററ്യൂഡ്" ഇല്ലാത്ത കുററങ്ങൾക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളുകളെ ഏതു കാര്യത്തിലും പങ്കെടുക്കുന്നതിന് ആ രാജ്യത്തെ ഭരണകൂടം സമ്മതിച്ചിട്ടുണ്ട്. അതിനെ നാമും അനുസരിച്ചു പ്രവർത്തിക്കുകയാണ് ഇന്നത്തെ സ്ഥിതിക്കു നല്ലത്. അതുകൊണ്ട് എന്റെ സകല പിൻതുണകളും ഈ ഭേദഗതിക്കുണ്ട്.

Shri E. P. Varghese : I oppose the amendment. There are amendments to omit completely Section 7, and one for some modification. In clause 7 or in any other clause in this Act or in any other Act there is no definition for moral turpitude. It is left to the discretion of those who are to decide the question whether a conviction is for an offence involving moral turpitude or not. This difficulty has been felt from the very early times. Such a phrase has been in several enactments. It has caused great difficulties and even hardships. So "The Representation of the Peoples Act" which is one of the latest Acts concerning election and membership has omitted this uncertain phrase. It may be taken as authority for future legislation. Our representatives in the Parliament thought it better to delete such a phrase which gives room for abuse and uncertainty. As it involved great difficulty to interpret "moral turpitude", our Parliament omitted that from the Peoples' Representation Act. That has been deliberately done. Clause 7 (b) of the People's Representation Act says' .: whether before or after the commencement of the Constitutions he has been convicted by a court in India of any offence and sentenced to transportation or to imprisonment for not less than two years, unless a period of five years or such less period as the Election Commission may allow in any particular case, has elapsed since his release ;'' Section 7 (d) in this Bill is based on that provision in the Central Act.

ശ്രീ. ആർ. കേശവപിള്ള : മദ്രാസ് മെഡിക്കൽ ആക്ററിൽ ഇങ്ങനെ ഒരു വകുപ്പില്ലെന്നറിയാമോ ?

ശ്രീ. ഇ. പി. വർഗ്ഗീസ് : അവിടെ ഡിസ്ക്വാളിഫിക്കേഷനെ പററിയേ പറഞ്ഞിട്ടില്ല.

Shri A. A. D. Luiz : This provision is found in the Municipal Act.

Shri E. P. Varghese : We should be progressive and follow the Parliament. I think we will be going against the progressive principle of legislation if this amendment is accepted.

ശ്രീ. ആർ. കേശവപിള്ള : പാർലമെന്റിൽ "ഡിസ്ക്വാളിഫിക്കേഷ"നെപ്പററി പറഞ്ഞിരിക്കുന്നതു് മറെറാരു കാര്യത്തിനാണ്. അതു് നിയമസഭകളിലെ പ്രാതിനിധ്യത്തിനു വേണ്ടിയാണ്.

Shri E. P. Varghese : That is the principle followed in regard to all Councils or elected bodies.

In the Madras Medical Council's Act there is no disqualification at all.

I think, the provision there is not with regard to disqualification for election to the Medical Council. We go by the latest rules on the matter; that is by the People's Representation Act.

Shri A. A. D. Luiz : There is such a provision in the Madras Act.

Shri E. P. Varghese : We saw that during our discussion; but it is not with reference to elections. It was on the basis of the Central Act that this provision has been made. Again, this amendment is a very difficult matter for interpretation. It is better to leave the provision as it is. If the principle of disqualification based on conviction is agreed, then such a provision is necessary and there is nothing wrong in it. In the Penal Code there are many provisions classifying offences and punishments. The hon. Member for Trichur has been complaining about the absence of a provision for Habeous Corpus in the Penal Code. Sir, that provision is in the Criminal Procedure Code. The Criminal Procedure Code old and new contains the provision for Habeous Corpus petition. We can put in petition for Habeous Corpus now also under the Constitution. Anyhow, if we admit the principle of convictions of courts as a disqualification for elections my submission is that this amendment does not deserve any support.

Shri M. M. Abdul Khader : Sir, in supporting the amendment before the House, I am certainly not surprised at the relentless support given by my friend Mr. Varghese. As the House knows it is very difficult for him to appreciate the difficulties which this clause might involve because he has not been accustomed to the risky course of politics of which this clause will involve difficulties.

Shri E. P. Varghese : I question.

Shri M. M. Abdul Khader : For a medical man, this sort of disqualification would deprive him of his right in not being elected to the Council. The clause as it is worded would in a way put an embargo on a medical man taking part in politics,especially politics of the present day. This was experienced during the British regime, or in the Dewan's rule and more recently under the Congress Government. My submission is, indulging in such politics with a higher objective would sometimes bring about grave risks on the medical man concerned and as a consequence get himself involved in punishments imposed by a governing authority. The effect of this clause

will be to prevent a medical man from actively associating in politics of the type which he would desire to take part because of this unnecessary provision.

Mr. Speaker : How to define offences involving moral turpitude ?

Shri M. M. Abdul Khader : That is a difficult matter. Much will be made out of nothing by the party in power. The ruling party is likely to indulge in political revenge with the help of such a provision. This is what we see in our daily experience now-a-days. The ruling party may haul up persons or political opponents and charge them for criminal offences under the Penal Code. Such things are frequently done. As a matter of fact, such punishments do not at all involve any moral turpitude on the part of the persons concerned.

Shri E. P. Varghese : If a person has committed an offence involving moral turpitude, should he not be punished ?

Shri M. M. Abdul Khader : We have seen politicians being charged with penal offences now-a-days and I feel it is being used as a methodical way by the party in power to get rid of political opponents. In such an eventuality, a medical man who wants to take part in politics but which might not be liked by the governing party would haul up such a man and, as a result, that would deprive him of being elected to the Medical Council. I am not for such a state of affairs. I support the amendment.

Shri A. Thanu Pillai : I also support this amendment. As regards persons convicted of political offences, there is not doubt, considerable force in the argument advanced. I myself was the victim of a provision of this kind in the election laws relating to this State. I mean of the old Travancore Legislature. I was debarred from contesting the elections. Of course, I felt that if anybody in Travancore has a right to contest the election to the legislature at that time, I was he. But, unfortunately, I had to stand out. My nomination paper was rejected on the ground that I had been convicted of an offence, for political activities. That goes a long way for argument. The provision here reads ;

> "A person shall be disqualified for being elected or nominated as, and for being, a member of council, if he has been convicted by a Criminal Court in India of any offence.....unless a period of five years or such less period as the Government may allow in any particular case has elapsed since his release."

[Shri A. Thanu Pillai]

We also know normally the Government would act in respect of this provision on party considerations. That is an ugly feature in our political line. Apart from all that, what is the harm ? A man commits an offence and he is convicted. He undergoes punishment, and comes out of the jail. Why should he be further penalised ? I do not quite follow. Unless there is substantial necessity, I do not see any reason for penalising a man further than to the extent to which he has already been punished by a court. He has undergone punishment for the offence. Why should he be debarred from taking part in the activities of his country ? It is said, the barring will be for 5 years. What is the virtue of that period of 5 years ? A man commits an offence, undergoes punishment, *i. e.* imprisonment, and goes out of jail and again this provision seeks to provide for a bar of 5 years. Such a person is debarred from becoming a member of the Medical Council. What about the period after 5 years ? Does it absolve him of the offence ? What is the sanctity attached to the period of 5 years? No doubt, there have been provisions in our legislature in the past. What really is the justification for that ? Why should a man be debarred for another 5 years? After 5 years does he become purified? I do not see any justification for such a provision. Not only that. Particularly, in this case there is no need for a provision of this type. It is not a large electorate as the case of the legislature. This is an electorate composed of educated persons, not merely ordinary persons, but those educated in particular avocations, men who can be considered to have the faculty of discrimination, and if there is any undesirable candidate, we can utterly trust the electorate composed of medical practitioners, members of the faculty of medicine and members of the teaching staff of the medical institutions, to do the right thing. No objectionable person would get their vote. If for some reason or other a man happens to be convicted, but found eminently fit from the point of view of the medical council, why should such a man be shut out of such a body.

Shri O. C. Ninan : Is the hon. Member of opinion that clause (d) should be completely omitted in the face of the argument that has been advanced here ?

